# SANTHOVANI

News Bulletin of St. Thomas Province

St. Joseph Province





Little Flower Province

Kristhu Jyoti Province



CONGRATULATIONS........

# Santhovani

## Bulletin of St. Thomas Province

Private Circulation only

R3/03/2018 Jan-Mar 2018


**Editorial Board**



Patron:
**Fr.Jobi John Edamuriyil CST**

Chief Editor:
**Fr. Johnson Varakaparambil CST**

Editors:
**Fr. Ebin Orathel CST**
**Bro. Sojan Nediyakalayil**
**Bro. Libin Kalapurackal**

Cover Design
**Fr. Deepu Kassamkuttiyil CST**



Published from
**St. Thomas Provincial House**
Chelavoor (P.O) Kozhikode
673571, Kerala, India
Mail. cstfrskkd@gmail.com


**Content** **Page**


| | | |
|---|---|---|
| 1. | Message......... | 2 |
| 2. | Official News | 5 |
| 4. | പ്രൊവിൻഷ്യൾ ഹൗസ് വാർത്തകൾ | 9 |
| 5. | Aluva Tidings | 11 |
| 6. | ഇരിക്കൂറിന്റെ മണിനാദങ്ങൾ | 15 |
| 7. | സാന്താമരിയ ആശ്രമം | 17 |
| 8. | സിൽവർ ജൂബിലി | 18 |
| 9. | ഗുരുപഥത്തിൽ | 23 |
| 10. | വേലൂർ വേവ്സ് | 25 |
| 11. | താബോറിന്റെ ഉൾത്തുടിപ്പുകൾ | 26 |
| 12. | കന്നിക്കളം ആശ്രമം | 28 |
| 13. | പുഷ്പഗിരി വാർത്തകൾ | 30 |
| 14. | കരിമാനി വാർത്തകൾ | 31 |
| 16. | കരൂർ സെയ്തികൾ | 32 |
| 17. | കൈതപ്പൊയിൽ വാർത്തകൾ | 33 |
| 18. | കോട്ടൂർ വാർത്തകൾ | 34 |
| 19. | പുഷ്പാരാം വാർത്തകൾ | 35 |
| 20. | ജർമ്മൻ ന്യൂസ് | 36 |
| 21. | എനിക്കും നിനക്കും വേണ്ടി | 37 |
| 22. | ഉത്ഥാനം നൽകുന്ന കരുത്തും പ്രത്യാശയും | 38 |
| 23. | Prayers and Greetings | 40 |

**പ്രിയ സഹോദരങ്ങളെ,**

ആദ്യമെത്തന്നെ എല്ലാവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. ഉത്ഥിതനായ ക്രിസ്തു നമുക്ക് നവജീവൻ പകരട്ടെ. ഇസ്രായേൽ ജനത്തിന്റെ പെസഹ മോശയുടെ നേതൃത്വത്തിൽ ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനത്തിന്റെ അനുസ്മരണവും ആഘോഷവും ആയിരുന്നുവെങ്കിൽ ക്രിസ്ത്യാനികളായ നമുക്ക് യേശുവിന്റെ ഉത്ഥാനം നമ്മുടെ വിശ്വാസത്തിന്റെ ആണിക്കല്ലാണ്. "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്" (1cor.15/17). യേശുവിന്റെ ഉയിർപ്പ് പ്രത്യാശയുടെ അടയാളമാണ്. അതിരാവിലെ കർത്താവിന്റെ കല്ലറയിങ്കലേയ്ക്കു സുഗന്ധകൂട്ടുമായി കടന്നുചെന്ന സ്ത്രീകളുടെ പ്രധാനലക്ഷ്യവും യേശുവിന്റെ മൃതശരീരത്തിൽ തൈലം പൂശുക എന്നു മാത്രമായിരുന്നു. കർത്താവിന്റെ കല്ലറ ശൂന്യമാണോ അതോ അവന്റെ പ്രവചനമനുസരിച്ച് അവൻ ഉയിർത്തെഴുന്നേറ്റോ എന്നീ ചിന്തകൾ അവരിൽ അശേഷം ഇല്ലായിരുന്നു. പക്ഷേ ആര് തങ്ങൾക്കുവേണ്ടി കല്ലറയ്ക്ക് മുമ്പിലുള്ള കല്ല് ഉരുട്ടിമാറ്റും എന്ന ആശങ്ക മാത്രം അവരിൽ ഉണ്ടായിരുന്നു. ദുഃഖം ഘനീഭവിച്ച നിമിഷങ്ങൾ. എമ്മാവൂസിലേയ്ക്ക് യാത്ര ചെയ്ത ശിഷ്യരുടെ സംസാരത്തിലും ഈ നിരാശ കാണാം. അരമത്തിയാക്കാരനായ ജോസഫ് വാങ്ങിയ കല്ലറയിൽ യേശുവിനോടൊപ്പം ഈ ശിഷ്യരും അവരുടെ സകല പ്രതീക്ഷകളും അടക്കം ചെയ്ത്, ഇരുളടഞ്ഞ ഭാവിയിലേക്ക് അവർ മുടന്തി നീങ്ങി. യേശുവിന്റെ മരണം എല്ലാറ്റിന്റെയും അന്ത്യമായി അവർ കണ്ടു.

യഹൂദ വിശ്വാസവും പാരമ്പര്യവും ഈ ശിഷ്യരിൽ രൂഢമൂലമായിരുന്നു. വരാനിരിക്കുന്ന രക്ഷകൻ ദാവീദിനെപ്പോലെ ശക്തനും ഇസ്രായേലിന്റെ നഷ്ടപ്പെട്ട പ്രതാപവും സാമ്രാജ്യവും തിരിച്ചുപിടിക്കുന്നവനായിരുന്നു. അതുകൊണ്ടാണ് ക്രിസ്തുശിഷ്യർക്ക് പോലും യേശുവിനെ ഒരു പ്രവാചകനായിട്ടു മാത്രം കാണാൻ കഴിഞ്ഞത്. അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വാക്കിലും പ്രവൃത്തിയിലും ശക്തനായ പ്രവാചകനായിരുന്നു (LK 24:19)."ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണ് എന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു" (24:21). മരണം എല്ലാ പ്രതീക്ഷകൾക്കും അന്ത്യം കുറിക്കുന്നു.

ക്രിസ്തുവിന്റെ കൂടെ നടക്കുകയും അവിടുത്തെ പ്രബോധനങ്ങൾ ശ്രവിക്കുകയും അവിടുന്ന് പ്രവർത്തിച്ച അത്ഭുതങ്ങൾക്കും അടയാള ങ്ങൾക്കും സാക്ഷികളാവുകയും ചെയ്ത ശിഷ്യർക്ക് യേശുവിന്റെ ഹൃദയത്തിലേക്ക് നടന്ന് അടുക്കാൻ കഴിഞ്ഞില്ല. യേശു വെറുമൊരു ഗുരുവോ, പ്രവാചകനോ മാത്രമല്ല അതിൽ കവിഞ്ഞ് ദൈവത്തിന്റെ അഭിഷിക്തനും വാഗ്ദാനങ്ങളുടെ പൂർത്തീകരണവുമാണെന്ന തിരിച്ചറിവ് എന്നിൽ സംഭവിക്കണമെങ്കിൽ കൂട്ടായ്മയിലുള്ള അടുപ്പം വേണം (Intimacy of Followship). ലൂക്കായുടെ സുവിശേഷത്തിൽ ക്രിസ്തുവിന്റെ ഉത്ഥാനാനന്തര പ്രത്യക്ഷപ്പെടലുകൾ മുഴുവൻ തന്നെയും പന്തിഭോജനത്തിന്റെ (Table Followship) പശ്ചാത്തലത്തിലാണ്. അവിടുന്ന് അത്താഴ സമയത്ത് അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് ശിഷ്യ ർക്ക് കൊടുക്കുമ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെടുന്നു. അവർ തിരിച്ചറിയുന്നു ഇത് നമ്മുടെ കർത്താവു തന്നെ എന്ന്. (LK 24:30-31) കർത്താവിന്റെ കൂടെ ഇരിക്കുമ്പോഴും അവനെ ശ്രവിക്കുമ്പോഴുമാണ് നാം അവിടുത്തെ തിരിച്ചറിയുന്നത്.

സമൂഹം ഉപേക്ഷിച്ചവരും ദുഷ്ടരും പാപികളെന്നും മുദ്രകുത്ത പ്പെട്ടവരുമാണ് ദൈവദർശനത്തിന്റെ കണ്ണാടികൾ. പ്രൊവിൻസിൽ ജൂബിലി വർഷത്തിൽ 'ചെറുതായിരിക്കുക ചെറിയവരോടൊപ്പം ആയിരിക്കുക,'"ഉപവിയുടെ ചക്രവാളം വിസ്തൃതമാക്കുക" എന്നീ ആപ്തവാക്യങ്ങൾ നമ്മുടെ തനിമയുടെ, സിദ്ധിയുടെ ആഴങ്ങളിലേക്ക്, ഉറവിടങ്ങളിലേക്ക് ഇറങ്ങി ചെല്ലാനുള്ള ആഹ്വാനം കൂടിയാണ്. ജൂബിലി വർഷ ഉദ്ഘാടന വേളയിൽ നാം ആരംഭിച്ച Pain & Paliative Care Unit ന്റെ അന്തഃസത്തയും ഇതുതന്നെയാണ് വേദനിക്കുന്നവരുടെ കണ്ണീരൊപ്പാനും അവർക്ക് അഭയം നൽകാനുമുള്ള തീരുമാനം മനുഷ്യ മഹത്വത്തിന്റെ ആഴങ്ങളിലേക്ക് എത്തിച്ചേരാൻ നമ്മെ ക്ഷണിക്കുന്നു. ആശയങ്ങളിലും ആദർശങ്ങളിലും മാത്രം നമ്മുടെ സ്നേഹപ്രവർത്ത നങ്ങളെ ഒതുക്കി നിർത്താതെ, മുറിവേറ്റ് അർദ്ധപ്രാണനായി കിടന്നവന്റെ മുമ്പിൽ, സ്വന്തം യാത്രയുടെ ലക്ഷ്യം മറന്ന സമരിയാക്കാരൻ ആയിത്തീ രണം. സമരയാക്കാരൻ അവന്റെത്തന്നെ യാത്രയ്ക്കുള്ള വസ്തുവകകൾ, വഴിയരികിൽ കിടന്ന അപരിചിതനുവേണ്ടി ചെലവഴിച്ചതുപോലെ അപരനിലേക്ക് ഇറങ്ങി ചെല്ലാനുള്ള ഉത്തരവാദിത്വം നമുക്ക് ഉണ്ട്. ഇത്തരത്തിലുള്ള ശുശ്രൂഷ നമ്മുടെ ഔദാര്യമല്ല, അവരുടെ അവകാ ശവും നമ്മുടെ കടമയുമാണ്. ഈ അവസരത്തിൽ ഓരോ സഭാംഗവും

അവരുടെ സഹായ ഹസ്തവുമായി മുന്നോട്ട് വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സിനാക്സിസിന്റെ(9th Ordinary Provincial Synaxis) ആദ്യ സമ്മേളനത്തിൽ ഈ ആശയം പങ്കുവെയ്ക്കപ്പെടുകയും അതിൽ സഹകരിക്കാൻ കുറെയധികം സുമനസ്സുകൾ കടന്നുവരികയും ചെയ്തു. Pain & Paliative ന്റെ Mobile Unit നടത്തിക്കൊണ്ടുപോകുവാൻ ഒരു മാസം ഏകദേശം 2 ലക്ഷം രൂപ ചെലവു വരും. (One Dr, Nurse, MSW, Drivers, Diesel Medicine, Room Rent, etc) ദൈവത്തിൽ മാത്രം ആശ്രയിച്ചുകൊണ്ടാണ് സാമ്പത്തിക ഭാരമുള്ള ഈ ഉപവി പ്രവർത്തിയിലേക്ക് നാം കാലെടുത്തുവച്ചത്. "Widen the horizon of our charity" എന്ന നമ്മുടെ ജൂബിലി വർഷ ആപ്തവാക്യം നിറവേറ്റണമെങ്കിൽ ഓരോ വ്യക്തിയും മുന്നോട്ടുവരണം. ഓരോ സഭാംഗത്തിനും 2000 രൂപയോ അതിലധികമോ തരാൻ കഴിയുന്ന പത്തു നല്ല സമരിയാക്കാരെ കണ്ടെത്താൻ കഴിഞ്ഞാൽ നമ്മുടെ ഈ ഉപവി പ്രവർത്തനത്തെ വളരെ കാര്യക്ഷമമായി മുൻപോട്ടു കൊണ്ടു നടക്കാൻ കഴിയും. അതുമാത്രമല്ല പരോപകാര പ്രവൃത്തിയിൽ ഇത്തരത്തിലുള്ള ''ഒരു പിടിയരി'' സംസ്കാരം വലിയ മുന്നേറ്റത്തിനു കാരണമാകും. (2000 × 10 = 20000 × 133=2660000.00).

ഇത്തരത്തിലുള്ള സ്നേഹപ്രവൃത്തികളിൽ പങ്കാളികളാവുക വഴി മുറിവേൽപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ സഹചാരികളും അവന്റെ ഉത്ഥാനത്തിൽ അർത്ഥപൂർണ്ണമായി പങ്കുചേരുന്നവരുമായിത്തീരും. അതുകൊണ്ട് ഈ വർഷം മുതൽ നമ്മുടെ വ്യക്തിപരമായ നവീകരണവും അതുവഴി സമൂഹത്തിന്റെ നവീകരണവും സാധ്യമാകാൻ ഉത്ഥിതനോട് പ്രാർത്ഥിക്കാം. എല്ലാവർക്കും ഒരിക്കൽകൂടി ഉത്ഥാനത്തിരുനാൾ മംഗളങ്ങൾ നേരുന്നു.

സ്നേഹപൂർവ്വം
**Fr.Joby John Edamuriyil CST**
**Provincial Superior**

❖❖❖❖❖❖❖❖❖❖❖❖❖

# OFFICIAL NEWS

## December 2017 to March 2018

1. Our Province is happy to have eight active and zealous new priests in this year. Rev. Fr.Joseph Meletukochyil, Provincial Superior, his team and good number of our members participated inthe blessed and grace filled ordination ceremonies.
2. Rev. Fr. Provincial and Fr. Mathew Panachipuram had a meeting with Mar George Palliparambil, bishop of Miao at Kottoor ashram. It was a good opportunity to discuss the future possibility of our missionary endeavours in North East.
3. Rev. Fr. Markus Nicolay, the Vicar General of Trier diocese, Germany made a short visit to our Provincial house. The visit was obviously an indication of the diocese's recognition for our active and vibrant pastoral work in Germany.
4. The 9th Ordinary Synaxis of St. Thomas Province of Little Flower Congregation was held on 18th to 23rd February and discussed the growth and future plan of the Province. The synaxis has also elected new provincial team; Rev. Fr. Joby Edamuriyil (Provincial Superior), Rev. Fr. Johnson Varakaparambil (Vicar Provincial), Rev. Fr. Binu Paimpillil (Second Councillor), Rev. Fr. Joseph Chathanat (Third Councillor), Rev. Fr. George Nelluvelil (Econome), Rev. Fr. Jills Njavarakattu (Auditor).
5. Fr. EbinOrathel is appointed Secretary to the Fr. Provincial Superior.
6. Our new Provincial team participated in the Inter Province meeting held on 14th- 16 March at Little Flower Generalate, Thrikkakara.It

was a fruitful occasion to know the new Provincials and their team. Moreover it was a call to organize and direct all the works of our provinces under the guidance of Fr. Superior General and his team.

7. The new Provincial has made a short visit to most of our ashrams to meet the members and their missions.

8. The inauguration of the Silver Jubilee (1994-2019) of our Province was on 19th March, 2018. We started with a solemn Eucharistic Celebration, presided over by Rev. Fr. JobyEdamuriyil, Provincial Superior. Soon after mass we had a public meeting in which a mobile palliative care unit was inaugurated by Mr. Joshua P.J, Chief News Editor, Malayalamanorama. Rev. Fr. Superior General, Rev. Fr. James Purathail, many of our province members, members from different religious congregationsand our neighbours were present for the Holy Mass and the programme.

The following brothers received the Holy order of Diaconate from Mar Remigiose Inchananil, Bishop of Thamarassery on 24th March, 2018 at Mary Matha Cathedral Church, Thamarassery.

1. Joseph (Bibin) Chakkumkulath
2. George (Joyson) Kandathilkudiyil
3. James (Arun) Padinjareanisseril
4. George (Tojus) Parayadiyil

## Holy Order of Heupadiakonutha and Karoya

Name of our brothers who will be receiving the Holy Order of Heupadiakonutha and Karoya from Little Flower Seminary, Aluva:

### 1. Order of Heupadiakonutha

1. Joseph (Jobin) Vadakarayil
2. Sebastian (Jyothis) Puthukattil

**2. Order of Karoya**

1. Joseph (Arun) Thuvarakkal
2. Thomas (Lijo) Poomarathil
3. Cyriac (Jithin) Vellappattu

**VESTITION**

1. Thomas (Bibin) Cherukunnel

**PERPETUAL PROFESSION 2018**

1. Joseph (Arun) Thuvarakkal
2. Cyriac (Jithin) Vellappattu
3. Thomas (Lijo) Poomarathil

**RENEWAL OF TEMPORARY VOWS 2018**

1. Thomas (Bibin) Cherukunnel
2. Sebastian (Sojan) Nediyakalayil
3. Thomas (Robin) Chennattu
4. Mathew Palathinkal
5. Antony (Joyal) Panachipuram
6. Samuel (Shebin) Panthackal
7. Abraham (Jomet) Vellamattathil
8. Thomas (Santo) Akkara
9. Francis (Sachin) Cheppukalayil
10. Geroge (Nikhil) Ikkarottuparambil
11. John (Libin) Kalapurackal
12. Joseph (Ajith) Kochuvelikkakath
13. AbinMadassery
14. Devasya (Jins) Mathalikunnel
15. Joseph (Shibin) Mundackal
16. Sebastian (Jestin) Peedikayil
17. Samuel (Ananthu) Villidumpara
18. Thomas (Jerin) Kuzhiparambil

## JUBILEE CELEBRATION

**Golden Jubilee**

***Fr. Joseph Chamakalayil and Fr. Alex Kallarackal***

**Silver Jubilee**

***Fr. Mathew Panachipuram***

The jubilee celebration of our beloved Fathers will be on 17th May 2018 along with the First Profession of our Novices at St. Thomas Ashram, Kottoor at 10 am. It is an auspicious occasion for the CST religious community to thank God with them for the manifold blessings we received through their hard work and commitment to God and to His people.

> ***In the name of the Father who created me***
> ***In the name of the Son who redeemed me***
> ***In the name of the Spirit who dwells in me***
> ***I renew again my desire to follow Jesus by discerning what God desires of me***
> ***Loving tenderly and widely, Walking justly, simply and lightly in right relationship with God, with all my brothers and sisters And all of creation. Amen.***

### *CONGRATULATIONS*

1. *Rev. Fr. AntoChalackal received "ALL ROUND PROGRESS AWARD" for Post Graduate student in Economics Department in St. Aloysious College, Manglore.*
2. *Rev. Fr. JobyKochupurayil attained College Management Medal for Outstanding Student, ThiruAGopalan Memorial Award and College Management Prize for Rank holder during his M. A. studies in English literature at St. Joseph's College, Trichi.*

*We congratulate both of them for their painstaking efforts and we feel proud of them.*

# പ്രൊവിൻഷ്യൽ ഹൗസ് വാർത്തകൾ

### സന്ദർശനത്തിനായി...

13-01-18 ന് അഭിവന്ദ്യ ഡൊമനിക് കോക്കാട്ട് പിതാവും രണ്ട് സിസ്റ്റേഴ്സും, അതുപോലെ ജർമ്മനിയിലെ Triar രൂപതയിലെ വികാരി ജനറാൾ റവ. ഫാ. Nikolas Markoos-സും രണ്ട് വൈദീകരും 30-01-18 ന് പ്രൊവിൻഷ്യാൾ ഹൗസ് സന്ദർശിച്ചു.

### Days in Kerala

തന്റെ പാഠ്യേദ്ധരപദ്ധതികളുടെ ഭാഗമായി Social Expsure Programme നായി ജർമ്മനിയിൽ നിന്നും Florentine എന്ന സഹോദരി രണ്ട് മാസത്തേക്കായി 24-01-18 ന് Provincial House ൽ എത്തിച്ചേർന്നു.

### അഭിമാന ദിനം

ഇന്ന് ഭാരതമാതാവ് തന്റെ 69-ാം റിപ്പബ്ലിക്ക് ദിനം ആഘോഷിക്കുകയാണ്. ഭാരതീയരായ നമ്മെ സംബന്ധിച്ചിടത്തോളം ജനുവരി 26 സന്തോഷത്തിന്റെയും അതിലുപരി അഭിമാനത്തിന്റെയും ദിനമാണ്. കാരണം അന്നാണ് ഇന്ത്യയ്ക്ക് സ്വന്തമായൊരു ഭരണഘടന ലഭിച്ചത്. ഈ പുണ്യദിനത്തിൽ ബഹു. ലിന്റോ കല്ലുകളങ്ങര അച്ചൻ വി. കുർബ്ബാന അർപ്പിച്ച് എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചു. വി. കുർബ്ബാനയ്ക്ക് ശേഷം  ബഹു. പ്രൊവിൻഷ്യാളച്ചൻ പതാക ഉയർത്തി സന്ദേശം നൽകി.

### വിഭൂതി തിരുനാൾ

അനുതാപത്തിന്റെ സന്ദേശവും, മാനസാന്തരത്തിന്റെ ആഹ്വാനവും നൽകിക്കൊണ്ട് വിഭൂതി തിരുന്നാൾ 12-02-18 ന് ആഘോഷിച്ചു. മാത്യു പനച്ചിപ്പുറം അച്ചൻ വി.ബലി അർപ്പിച്ച് പ്രാർത്ഥിച്ചു. സമ്പൂർണ്ണ സമർപ്പണത്തിന്റെയും പരിവർത്തനത്തിന്റെയും അടയാളമായി നെറ്റിയിൽ ചാരംപൂശി എല്ലാവരും യേശുക്രിസ്തുവിന്റെ പീഢാനുഭവ മരണ ഉത്ഥാനത്തിനായി ഒരുങ്ങി...

### തറവാട്ടിൽ ഒരു ഇടവേള

ബൽത്തങ്ങാടി രൂപതയിലെ പുഷ്പനികേതൻ ആശ്രമത്തിൽ നിന്നും തോമസ് കട്ടക്കലച്ചൻ Bypass Surgary ക്കു വേണ്ടി 3 മാസത്തേക്ക് തന്റെ തറവാടായ പ്രൊവിൻഷ്യാൾ ഹൗസിൽ വന്നു. ആരോഗ്യം പൂർണമായും വീണ്ടെടുത്ത് ഫെബ്രുവരി 14 ന് അച്ചൻ തന്റെ പ്രവർത്തന മണ്ഡലത്തിലേക്ക് തിരിച്ചുപോയി.

**പോകുന്നേ...ഞാനും...**

മനുഷ്യജന്മം സാഫല്യമാകുന്നത് തന്റെ ജീവിത നിയോഗം പൂർത്തിയാക്കി ദൈവത്തിൽ വിലയം പ്രാപിക്കുമ്പോഴാണ് 2018 ഫെബ്രുവരി 28-ാം തിയ്യതി നമ്മുടെ സഭാംഗമായ സൈമണച്ചൻ തന്റെ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ആ വന്ദ്യപുരോഹിതന്റെ ആത്മാവിന് നിത്യ ശാന്തി നേരാനായി പ്രൊവിഷ്യാളച്ചനും വികർ പ്രൊവിഷ്യാളച്ചനും മൃതസംസ്കാര ചടങ്ങിൽ പങ്കെടുത്തു.

**വിളിയും ദൗത്യവും**

ദൈവം തന്റെ അത്ഭുതാവഹമായ പദ്ധതികളുടെ നിർവ്വഹണ ത്തിനായി കാലാകാലങ്ങളിൽ ഓരോ വ്യക്തികളെ തിരഞ്ഞെടുത്ത്, അഭിഷേകം ചെയ്ത് ദൗത്യം ഭരമേൽപ്പിക്കുന്നു. 2018 ഫെബ്രു 18 –23 വരെ നടന്ന ചെറുപുഷ്പസഭയുടെ വിവിധ പ്രൊവിൻസുകളുടെ പ്രത്യേകിച്ച് St. Thomas Province ന്റെ Provincial Synaxis ഇത്തര ത്തിലുള്ള ദൈവീക ഇടപെടലിന്റെ വലിയൊരു സാക്ഷ്യമായിരുന്നു. പ്രാർത്ഥനയ്ക്കും വിചിന്തനത്തിനും ശേഷം ആത്മാവിന്റെ വലിയ ഇടപെടലിലൂടെ ബഹു. ജോബി ഇടമുറിയിലച്ചൻ പ്രൊവിൻഷ്യാളായും, ജോൺസൻ വരകപറമ്പിലച്ചൻ വികർ പ്രൊവിൻഷ്യാളും, ജോർജ് നെല്ലിവേലിലച്ചൻ ഒരിക്കൽകൂടി കൗൺസിലേഴ്സായും തിരഞ്ഞെടുക്കു കയും ജോസഫ് ചാത്തനാട്ടച്ചനും, ബിനു പയ്യംപിള്ളി അച്ചനും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിന് എല്ലാ വിധ ആശംസകൾ നേരുന്നു.

**നിറ നന്ദി...**

St. Thomas Province നെ വളർച്ചയുടെ പാതയിലൂടെ നയിച്ചവർ തങ്ങളുടെ പുതിയ തീരങ്ങൾ തേടി യാത്രയാകുന്നു. 3 വർഷകാലം സഭ ഏൽപ്പിച്ചുകൊടുത്ത വലിയ ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ ആത്മാർത്ഥയോടെ നിർവ്വഹിച്ചുകൊണ്ട് ബഹു. പ്രൊവിൻഷ്യാൾ ജോസ് മേലേട്ടുകൊച്ചിയിൽ അച്ചനും കൗൺസി ലേഴ്സും മറ്റ് മേഖലകളിലേക്ക് ചേക്കേറുന്നു. ഇവരുടെ നിസ്വാർത്ഥ സേവനങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് 1–03–18 ന് അവർക്ക് യാത്രയയപ്പ് നൽകി...

**Inter Province Meeting**

ഭാരിച്ച ഉത്തരിവാദിത്വങ്ങളുടെ പുതിയ തീരങ്ങൾ തേടാൻ Inter Province Meeting 2018 മാർച്ച് 14 മുതൽ 16 വരെ തൃക്കാക്കര ജനറലേ റ്റിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യാ ളച്ചനും കൗൺസിലേഴ്സും സന്നിഹിതരായിരുന്നു.

### Summer Vacation Days...

വേനൽച്ചൂടിന്റെ കാഠിന്യം നമ്മെ തേടിയെത്തുന്നതിനു മുമ്പേ പരീക്ഷച്ചൂടിൽ ഞങ്ങളൊന്നുരുകി. ഇനിയങ്ങോട്ട് അവധിക്കാലം 2017–18 അധ്യായനവർഷത്തി വിരാമമിട്ടുക്കൊണ്ട് ഒരേ കുടുംബത്തിലെ അംഗങ്ങളെല്ലാവരും തങ്ങളുടെ മാതൃഭവനമായ പ്രൊവിൻഷ്യാൾ ഹൗസിലെത്തി. ഇനിയങ്ങോട്ട് സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും പങ്കുവെയ്ക്കലിന്റെയും, ഊട്ടിയുറപ്പിക്കലിന്റെയും നാളുകൾ...

ഏവർക്കും നല്ലൊരു അവധിക്കാലം....

### രജത ജൂബിലി നിറവിൽ St. Thomas Province

ചെറുപുഷ്പസഭ സെന്റ് തോമസ് പ്രൊവിൻസ് രജതജൂബിലി പ്രവർത്തനങ്ങളുടെ ഭാഗമായി Pain & Paliative care ന് തുടക്കമിട്ടു. പ്രൊവിൻസിന്റെ വിവിധമേഖലകളിൽ പ്രവർത്തനം ഉദ്ദേശിക്കുന്ന സെന്ററിന്റെ ഉദ്ഘാടനം 19–03–18 ന് മലയാള മനോരമ ചീഫ് ന്യൂസ് എഡിറ്റർ ജോഷ്വ പി.ജെ. നിർവ്വഹിച്ചു. സുപ്പീരിയർ ജനറാൾ ഫാ. ഫ്രാൻസീസ് കിളിവള്ളിക്കൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. Pain & Paliative Trainer ജോസ് പുളിമൂട്ടിൽ, പ്രൊവിൻഷ്യൽ ഫാ. ജോബി ഇടമുറിയിൽ, ഫാ. ജെയിംസ് പുറത്തയിൽ തുടങ്ങിയവർ പ്രസംഗിച്ചു. കൂടരഞ്ഞി അഭയ Pain & Paliative care ന് Paliative ഉപകരണങ്ങൾ നൽകി.

### വീണ്ടും വരിക

തങ്ങളുടെ അവധിക്കാലം ചിലവഴിക്കാനായി പ്രൊവിൻഷ്യാൾ ഹൗസിൽ വന്ന എല്ലാ വൈദീകർക്കും സഹോദരങ്ങൾക്കും ഒരായിരം നന്ദി...

## Aluva Tidings

### Happy Christmas

Merry Christmas.... പാടുന്നു Merry Christmas.... ഗ്ലോറിയാ ഗീതങ്ങൾക്കൊപ്പം LFS ആലുവയും ഡിസംബർ 1 മുതൽ 25 വരെ ക്രിസ്മസിനായി ഹൃദയങ്ങൾ ഒരുക്കി കാത്തിരിക്കുകയായിരുന്നു. ആകാശത്തിനും ഭൂമിക്കും മധ്യേ പുൽക്കൂട് തീർത്ത് ഉണ്ണിയെ വരവേൽക്കുകയും ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. വി.ബലിയോടുകൂടി സമൂഹം ഒന്നായി ശാന്തിയുടെ ഈ ക്രിസ്മസ് അനുഭവമാക്കി മാറ്റി. അന്നേദിവസം ഞങ്ങളോട് കൂട്ടുകൂടാനും തങ്ങളുടെ ക്രിസ്മസ് അവധിക്കാലം കേരളീയമാക്കി മാറ്റാനും ജർമ്മനിയിൽ നിന്നും ജോർജ് മുള്ളുകോടിക്കലച്ചന്റെ സുഹൃത്തുക്കളുമെത്തി.

ക്രിസ്മസ് ട്രീയും കരോൾ ഗാനങ്ങളുമായ് ബ്രദേഴ്സ് ഈ ക്രിസ്മസ് രാവിന് നിറം പകർന്നു.

എന്റെ സാറേ... എന്തൊക്കെയാണെങ്കിലും ഇതൊരു അഡാർ ക്രിസ്മസ് തന്നെ...

**നിത്യപുരോഹിതൻ**

നിറഞ്ഞ മനസോടെ സ്വന്തം ജീവിതത്തെ ദൈവത്തിനും ദൈവജനത്തിനുമായി സമർപ്പിക്കുന്നവൻ, പുരോഹിതൻ. സ്നേഹത്തിൽ അധിഷ്ഠിതമായി ജീവിതത്തെ ദൈവവുമായി ഇണക്കിച്ചേർത്ത വി. കൊച്ചുത്രേസ്യാ പറഞ്ഞു 'എനിക്കൊരു പുരോഹിതനാകണം' അതെ പുരോഹിതനാകാൻ കൊതിച്ച വി. കൊച്ചുത്രേസ്യായുടെ പതിനാറ് ആത്മീയമക്കൾ പുരോഹിതപട്ടം സ്വീകരിച്ചതിന് ശേഷം ലിറ്റിൽ ഫ്ളവർ മേജർ സെമിനാരിയിൽ തങ്ങളുടെ ആദ്യ കുർബ്ബാനയർപ്പണത്തിനായി എത്തിച്ചേർന്നു.

ബഹുമാനപ്പെട്ട റിജോ മുണ്ടാണിശ്ശേരിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലിയർപ്പിക്കപ്പെട്ടു. പറഞ്ഞു പഠിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളെക്കാൾ ജീവിക്കുന്ന നേരിനാണല്ലോ അസ്ഥിത്വം കൂടുതൽ. തങ്ങളുടെ ജീവിതംകൊണ്ട് അനേകർക്ക് സാക്ഷ്യമേകാനും ജീവിക്കുന്ന ക്രിസ്തുവാകാനും അവരെ ദൈവം അനുഗ്രഹിക്കട്ടെ. പ്രാർത്ഥനയിൽ ഓർക്കാം എന്ന വാഗ്ദാനത്തിനപ്പുറം പ്രാർത്ഥിക്കുന്നുണ്ട് എന്ന ഉറപ്പും, നിങ്ങൾ ഞങ്ങളോടൊത്ത് ചിലവഴിച്ച നല്ല സമയവും, കളിയും, അനുഭവങ്ങളുടെ പങ്കുവെയ്ക്കലും ഇന്നും ഓർമ്മയായി നിറഞ്ഞുനിൽപ്പുണ്ട് എന്ന യാഥാർത്ഥ്യവും ദൈവതിരുമുമ്പിൽ നിങ്ങളെ ഞങ്ങൾ സമർപ്പിക്കുന്നുണ്ട് എന്നതിന്റെ പ്രതിഫലനമാണ്. നിങ്ങളുടെ ഭാവി പ്രവർത്തനങ്ങളിൽ ദൈവം തുണയായിരിക്കട്ടെ.

**പ്രിയ കലാസ്നേഹിതരേ...**

ഭാരതമണ്ണിനും ലിറ്റിൽ ഫ്ളവർ സെമിനാരിക്കും വസന്തം പെയ്തിറങ്ങിയ അഭിമാനത്തിന്റെ ദിനമായിരുന്നു ജനുവരി 26. സ്വന്തമായി ഒരു ഭരണഘടന ലഭിച്ചതിലൂടെ റിപ്പബ്ലിക്കായി മാറിയ ഭാരതമാതാവിന്റെ സന്തോഷം അലതല്ലുന്ന ആ ദിനത്തിലായിരുന്നു ലിറ്റിൽ ഫ്ളവർ സെമിനാരിയുടെ കലാസാഹിത്യ അക്കാദമിയുടെ വാർഷികവും. ആ രാവിൽ കണ്ണിന് ആനന്ദകരവും കാതിന് ഇമ്പവും ചിന്തകൾക്ക് ഉണർവും നൽകുന്നതായിരുന്നു ലിറ്റിൽ ഫ്ളവർ സെമിനാരി കലാസാഹിത്യ അക്കാദമി, അണിയിച്ചൊരുക്കുയ "ഒറ്റമരത്തണൽ" എന്ന നാടകം. ഇതിന്റെ രചന നിർവ്വഹിച്ചത് ഫ്രാൻസിസ് ടി. മാവേലിക്കരയാണ്. കലാവൈഭവവും അഭിനയചാരുത

യും ഒത്തുചേർന്ന നാടകവേദിയും നിറഞ്ഞ സദസ്സും നാടകമെന്ന കഥയുടെയും അത് വിളിച്ചോതുന്ന സന്തോഷത്തിന്റെയും പ്രസക്തിക്കും ഇന്നും മങ്ങലേറ്റിട്ടില്ല എന്ന് വിളിച്ചോതുന്നതായിരുന്നു നാടകത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും നന്ദി...

## അടിച്ചുമോനേ... കപ്പടിച്ചു...

ചെറുപുഷ്പസഭയുടെ സ്ഥാപകനായ ഫാ. ബസേലിയൂസ് മെമ്മോറിയൽ ബാസ്കറ്റ് ബോൾ ടൂർണമെന്റ് ഫെബ്രുവരി 1 മുതൽ 5 വരെ ലിറ്റിൽ ഫ്ളവർ സെമിനാരിയുടെ അങ്കത്തട്ടിൽ അരങ്ങേറി. 8 ടീമുകൾ മാറ്റുരച്ച അങ്കത്തട്ടിൽ വളരെ വാശിയേറിയതും ഏറെ വെല്ലുവിളി നിറഞ്ഞതുമായിരുന്നു. കളിച്ച്, ജയിച്ച് അവസാനപോരാട്ട ത്തിൽ LFS Aluva -യും Rogationist സെമിനാരിയും നേർക്കുനേർ 'ചങ്കല്ല, ചങ്കിടിപ്പാണ്' എന്നു പറഞ്ഞു കൊണ്ട് LFS-ന്റെ മടിത്തട്ടിൽ തികച്ചും വാശിയേറിയ പോരാട്ടമായിരുന്നു. കോർട്ടിൽ മാത്രം ഒതുങ്ങി നിൽക്കാതെ കളിക്കളത്തിനു പുറത്തും ഈ ആവേശവും ആഘോഷവും സർവ്വോപരി അഭിമാനപോരാട്ടവുമായി ഫാ. ബസേലിയൂസ് മെമ്മോ റിയൽ ടൂർണമെന്റ് സാക്ഷ്യം വഹിച്ചു. ഈ അരങ്ങേറ്റത്തിന്റെ അവസാനം LFS-ന്റെ ചുണക്കുട്ടികൾ വീണ്ടും ഒരു കപ്പ് സ്വന്തമാക്കി യിരിക്കുന്നു. ഒരിക്കൽകൂടി തങ്ങളുടെ കഴിവ് തെളിയിച്ചുകൊണ്ട് CST-യുടെ മണ്ണിൽ ഒരു കപ്പ് നേടുവാനും അവസരം ലഭിച്ചു. ഇതിനായി സഹകരിച്ച് എല്ലാവർക്കും വളരെ പ്രത്യേകമായി കോച്ച് സണ്ണി സാറിനും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

## 'അഡാർ' ചേട്ടായിസ്, Good Bye...

കാലചക്രം ഒരിക്കൽകൂടി തിരിയുന്നു, ദുഃഖസന്തോഷത്തിന്റെ സമ്മിശ്രവികാരങ്ങൾ സമ്മാനിച്ചുകൊണ്ട്, പിണങ്ങാതെ പിണങ്ങി, പിരായാതെ പിരിഞ്ഞ്, ഒരു മനസായി, ഒരു ലക്ഷ്യവുമായി, ഒരേ മാർഗത്തിലൂടെ ഞങ്ങൾ അങ്ങനെ നാളുകൾ പിന്നിടുമ്പോൾ ആ ദിനവും വന്നെത്തി. പ്രിയ ജ്യേഷ്ഠ സഹോദരന്മാർ തങ്ങളുടെ 3 വർഷ ത്തെ തത്വശാസ്ത്രപഠനം പൂർത്തിയാക്കി ഈ വിദ്യാപീഠത്തിൽ നിന്ന് വിടവാങ്ങി. ചില വിടവാങ്ങൾ സന്തോഷവും സമാധാനവും നമുക്ക് നൽകുമ്പോൾ ചിലത് ഹൃദയത്തിലൊരു വിങ്ങലും ഒരിക്കലും മരിക്കാത്ത സ്മരണങ്ങളുമാണ് നൽകുന്നത്. അതിനാൽ തന്നെ അവർ ഈ കലാലയത്തിന്റെ പടിയിറങ്ങുമ്പോൾ അത് വലിയൊരു നഷ്ടംതന്നെ, ഈ കലാലയത്തിനും പിന്നെ ഞങ്ങൾക്കോരോരുത്ത ർക്കും. ഒത്തിരിയേറെ കാര്യങ്ങൾ പഠിപ്പിച്ചുതന്നു, ഒരുപാട് അർത്ഥങ്ങൾ ജീവിതത്തിന് സമ്മാനിച്ചുവെന്നും അവർ ഈ സെമിനാരിയോട് വിടപറയുമ്പോൾ എന്തേ ഞങ്ങൾ പറയേണ്ടൂ, ദൈവമേ, കാത്തോണേ...

നിന്നെ അറിയാൻ നിന്നെ സ്നേഹിക്കാൻ നിന്നിലേക്ക് വളരാൻ നീ തന്നെ അവരിൽ കൃപ ചെയ്യണേ... ജ്യേഷ്ഠന്മാരെ, പേടിക്കേണ്ട, ഞങ്ങളുടെ പ്രാർത്ഥന പൂക്കുന്ന കൊച്ചുകരങ്ങൾ എപ്പോഴും നിങ്ങൾക്കൊപ്പമുണ്ടാകും.....

## EXAMS @ LFS

മാർച്ച് മാസത്തെ കഠിനചൂടിന് അതികഠിനമാക്കിക്കൊണ്ട് 2-ാം സെമസ്റ്റർ പരീക്ഷ മാർച്ച് 2 മുതൽ 14 വരെ തിയ്യതികളിൽ നടത്തപ്പെട്ടു. പരീക്ഷാദിവസങ്ങളിൽ കൂടുതൽ താൽപര്യത്തോടും ആഗ്രഹത്തോടും തങ്ങളുടെ ഭൗതികനേട്ടങ്ങളുടെ ഫലമറിയാനുള്ള തിരക്കിലായിരുന്നു എല്ലാവരും, 'താൻ പാതി ദൈവം പാതി' എന്ന പഴമൊഴി മനസിൽ കൂടെകൂടെ ഓർത്തും പ്രാർത്ഥിച്ചും രണ്ടാം സെമസ്റ്റർ പരീക്ഷകൾക്ക് മാർച്ച് 14-ന് വിരാമമായി. പരീക്ഷകൾ കഴിഞ്ഞതിന്റെ സന്തോഷത്തോടെ അവധിക്കാലം ചിലവഴിക്കാൻ ഓരോരുത്തരും അവരവരുടെ സന്യാസാശ്രമങ്ങളിലേക്കും രൂപകതകളിലേക്കും പോകുന്ന തിരക്കിലും ആവേശത്തിലുമാണ്...

## പിന്നെയും പിന്നെയും LFS...

അറിവിന്റെ അത്ഭുതജാലകങ്ങളെ തുറന്നിട്ടുകൊണ്ട് ഒരു അദ്ധ്യായനവർഷം കൂടി വിടച്ചൊല്ലുന്നു. മതിവരാതെ ഓർമിക്കാൻ സ്മൃതി ശേഖരങ്ങളിൽ ഓളം തള്ളുന്ന, ഒരു പിടി സ്മരണകളെ ഹൃദയത്തോട് ചേർത്തുവെച്ചുകൊണ്ട് ലിറ്റിൽ ഫ്ളവർ മേജർ സെമിനാരി തന്റെ ഒരു വർഷത്തിനുകൂടി വിരാമമിടുന്നു. പിന്തിരിയുമ്പോൾ ഒരു എത്തിനോട്ടത്തിനായി കണ്ണുകളെറിയുമ്പോൾ അതറിയാതെ എവിടെയോ കുരുങ്ങിനിൽക്കുന്നു. എന്തിനും മത്സരചുവയുള്ള ഈ കാലത്തിൽ സഹോദര്യത്തിനു കരുത്തേകാൻ, ബന്ധങ്ങളുടെ ആഴം ഒന്നുകൂടി വിളക്കിച്ചേർക്കാൻ നടന്ന പല മത്സരങ്ങളിലും നമ്മുടെ പ്രിയ സഹോദരന്മാരുടെ പങ്കാളിത്തവും വിജയനേട്ടവും കാരണമായി എന്നതുതന്നെ അതിലൊരു പ്രധാനകാരണം. **അഭിനന്ദനങ്ങൾ**

തിരുവനന്തപുരത്ത് വച്ച് നടത്തപ്പെട്ട Eco Quize മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിക്കൊണ്ട് CST യുടെയും LFS ന്റെയും നാമം വാനോളം എത്തിച്ച ബ്രദേഴ്സ് ആൽബിൻ വരകുകാലായിലിനും അലൻ തെക്കേലിനും, വടവാതൂർ സെമിനാരിയിൽ വച്ചു നടത്തപ്പെട്ട പ്രസംഗമത്സരത്തിൽ രണ്ടും മൂന്നും സ്ഥാനം യഥായോഗ്യം കരസ്ഥമാക്കിയ ബ്രദേഴ്സ് ജോയൽ പനച്ചിപുറത്തിനും ജെസ്വിൻ അതിരുകുളങ്ങരയ്ക്കും, POC യുടെ സാഹിത്യരചനാ മത്സരങ്ങളിൽ ഉപന്യാസവിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ ജോയൽ പനച്ചിപുറത്തിനും

ഏകാംഗനാടകരചനയിൽ മൂന്നാം സ്ഥാനം നേടിയ ജസ്റ്റിൻ പീടിക യ്ക്കും അഭിനന്ദനങ്ങൾ.

"വിജയങ്ങളാകുന്ന വീഥികൾ പിന്നിടാൻ സർവ്വേശ്വരൻ കൃപ തൂകട്ടെ നിങ്ങളിൽ..."

## ISPCK വർക്ഷോപ്പ്

ISPCK Publishing വർക്ഷോപ്പ് ഏജൻസിയുടെ നേതൃത്വത്തിൽ വളർന്നുവരുന്ന എഴുത്തുകാർക്കുള്ള വർക്ഷോപ്പിൽ പങ്കെടുക്കാൻ ബ്ര. ജോയൽ പനച്ചിപ്പുറത്തിന് സാധിച്ചു എന്നത് അഭിമാനകരമായ വാർത്തയാണ്. 2017 ഒക്ടോബർ 14 മുതൽ 16 വരെയാണ് വർക്ഷോപ്പ് നടത്തപ്പെട്ടത്. ലോകത്തിന്റെ വിവധ ഭാഗങ്ങളിൽ പ്രത്യേകിച്ച് ഡൽഹി, ബാംഗ്ലൂ, പൂനെ, ന്യൂയോർക്ക് എന്നിവിടങ്ങളിൽ വ്യാപിച്ചു കിടക്കുന്ന വിഖ്യാതമായ ശാഖയാണ് ISPCK (Indian Society for Promoting Christian Knowledge)എഴുത്തു മാഗസിന്റെയും LIPI (Loyoda Institute of Peace and International Organization) ന്റെയും പൂർണ സഹകരണത്തോടെ യാണ് വർക്ഷോപ്പ് ആരംഭിച്ചത്. മൂന്ന് ദിവസം നീണ്ടുനിന്ന വർക്ഷോപ്പിൽ തിരഞ്ഞെടുക്കപ്പെട്ട മുപ്പത് വിദ്യാർത്ഥികളാണ് പങ്കെടുത്തത്. കാലടിയിലെ ഈശോ സഭാശ്രമമായ "സമീക്ഷ"യിൽ വച്ചായിരുന്നു വർക് ഷോപ്പ് നടത്തപ്പെട്ടത്. അറിവാകുന്ന സ്നേഹം എന്നും സ്നേഹമാകുന്ന അറിവിനാൽ പരിപോഷിപ്പിക്കപ്പെടട്ടെ എന്ന തത്വത്തോടെ ജോയൽ പനച്ചിപ്പുറത്തിന് എല്ലാവിധ ആശംസകളും നേരുന്നു...

# ഇരിക്കൂറിന്റെ മണിനാദങ്ങൾ

## അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി

ഈശോയുടെ തിരുപ്പിറവിക്ക് ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ നോമ്പാചരിച്ചു. ഡിസംബർ 24-ാം തിയ്യതി രാത്രി 11.30 ന് ഷൈബിനച്ചന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലിയർപ്പിക്കപ്പെടുകയും പൈസായി, കൂയിലൂർ വാർഡിൽ നിന്നും ഭക്തജനങ്ങൾ വി. ബലിയിൽ പങ്കെടുക്കുകയും ചെയ്തു. വി. കുർബ്ബാനയ്ക്ക് ശേഷം കേക്ക് മുറിക്കലും, ക്രിസ്മസ് ട്രീയും, പൂൽകൂടും ക്രിസ്മസ് പപ്പയുടെ വരവേൽപ്പും ക്രിസ്മസ് രാത്രിയെ മനോഹരമാക്കുകയും ഭക്തജനങ്ങളെ ഹഠാദാകർഷിക്കുകയും ചെയ്തു.

## ഒരു അവധിക്കാലം കൂടി

സെമിനാരിയിലെ ക്രിസ്മസ് ആഘോഷങ്ങൾക്ക് വിരാമം കുറിച്ചു

കൊണ്ട് ഡിസംബർ 25ന് ബ്രദേഴ്സ് അവധിക്കായി വീടുകളിലേക്ക് പോയി. കുടുംബവുമായി ചിലവഴിച്ച സന്ദർഭങ്ങളിലെ സന്തോഷം നുകർന്നുകൊണ്ട് ജനുവരി 2 ന് ബ്രദേഴ്സ് സെമിനാരിയിൽ തിരിച്ചെത്തി.

**കാനോനിക വിസിറ്റ്**

ഞങ്ങളെ കാണുവാനും ഞങ്ങളുമായി വിശേഷം പങ്കുവെയ്ക്കാനും ബഹു. പ്രൊവിഷ്യൽ ജോസ് മേലേട്ടുകൊച്ചിയിൽ അച്ചൻ ജനുവരി 11 ഉം 12 ഉം തിയ്യതികളിൽ കാനോനിക വിസീത്ത നടത്തി. അച്ചന്റെ സാന്നിധ്യം അച്ചൻമാർക്കും ബ്രദേഴ്സിനും സന്തോഷം നൽകുന്നതായിരുന്നു.

**വളർത്തിയ പടവുകൾ തിരിച്ച് ചവിട്ടി**

അൾത്താരയിലേക്ക് കൈപിടിച്ച് നടത്തിയ ആദ്യ പരിശീലന ഭവനത്തിന്റെ പടവുകൾ തിരിച്ചുചവിട്ടി ജനുവരി 16-ാം തിയ്യതി നവവൈദികർ സെമിനാരിയിൽ എത്തിച്ചേരുകയും ബലിയർപ്പിക്കുകയും ചെയ്തു. അവരുടെ സാന്നിധ്യം ഞങ്ങളെ പ്രചോദിതരാക്കി. നവവൈദികർക്ക് എല്ലാവിധ ആശംസകളും.

**മതബോധന പരീക്ഷ**

കത്തോലിക്ക ജീവിതത്തിന്റെ അടിസ്ഥാന ഘടകമായ മതബോധനത്തെക്കുറിച്ച് പഠിച്ചതും അറിഞ്ഞതുമായ കാര്യങ്ങളെ പരീക്ഷയിലൂടെ പ്രകടമാക്കാൻ വേണ്ടി സെമിനാരിയിലെ മൂന്നാം വർഷ വിദ്യാർത്ഥികൾ മതബോധന പരീക്ഷ എഴുതാൻ കോട്ടൂർ പോയി.

**മൂന്നും ഒന്നും നാല്**

സെമിനാരി കുടുംബത്തിലേക്ക് പുതിയ അതിഥിയായി നവവൈദികൻ ഫാ. ആന്റോ കാരക്കാട്ട് കടന്നുവന്നു. ചുരുങ്ങിയ ദിവസംകൊണ്ട് അച്ചൻ എല്ലാവരുടെയും ഹൃദയത്തിൽ സ്ഥാനം പിടിച്ചു.

**ത്യാഗത്തിന്റെയും സഹനത്തിന്റെയും കാലഘട്ടത്തിൽ**

രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവ മരണ ഉത്ഥാന കാലഘട്ടത്തെ അനുസ്മരിച്ചുകൊണ്ട് ഫെബ്രുവരി 11 ന് നോമ്പ് കാലത്തിന് തുടക്കം കുറിച്ചു. വിഭൂതി തിരുനാൾ ദിനത്തിൽ ആന്റോ അച്ചൻ വിഭൂതിയുടെ കർമ്മങ്ങൾ നടത്തി. വി. കുർബ്ബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

**പരീക്ഷ ചൂടിൽ**

വാർഷിക പരീക്ഷയ്ക്ക് മുന്നോടിയായി സെമിനാരിയിൽ 19-ാം തിയ്യതി മുതൽ 24-ാം തിയ്യതി വരെ മോഡൽ നടത്തപ്പെട്ടു. ഇത് പാഠഭാഗങ്ങളെ കൂടുതലായി വിലയിരുത്തുന്നതിന് അവസരം ഒരുക്കി,

തുടർന്ന് മാർച്ച് 7ന് +1 വിദ്യാർത്ഥികൾക്കും 8ന് +2 വിദ്യാർത്ഥികൾക്കും നടക്കുന്ന വാർഷിക പരീക്ഷയ്ക്ക് സെമിനാരിക്കാർ ഒരുങ്ങും.

**തിരശ്ശീലവീഴുമ്പോൾ**

മനസ്സിന്റെ ഉപരിതലത്തിൽ ഉൾത്തിരിഞ്ഞ കല, നർമ്മബോധത്തെ അക്ഷരതാളിലേക്ക് ചൊരിഞ്ഞതിന്റെ സാക്ഷാത്ക്കാരമായ കലാസാഗറിന്റെ പ്രകാശനവും കലാസാഹിത്യ സമാജത്തിന്റെ സമാപനവും 25-ാം തിയ്യതി സ്വപ്ന ടീച്ചറിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. അന്നേദിവസം ബ്രദേഴ്സിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കലാപരിപാടികൾ ആസ്വാദ്യകരമായിരുന്നു.

**ഒത്തിരി നന്ദി**

തങ്ങളുടെ തിരക്കേറിയ അവധിക്കാല ദിനങ്ങൾക്കിടയിലും ഞങ്ങളെ വന്നു കാണുകയും വിശേഷങ്ങൾ പങ്കുവയ്ക്കുകയും ചെയ്ത എല്ലാ അച്ചൻമാർക്കും ഒത്തിരി നന്ദി...

**കാൽവരി മലയിൽ യേശുവോടൊത്ത്**

ദാരിദ്രത്തിന്റെ പ്രതീകമായ പുൽത്തൊഴുത്തിൽ പിറന്ന് എളിമ എന്ന രൂപം ധരിച്ച് മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനായി പീഡകൾ സഹിച്ച് കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്ത രക്ഷകന്റെ പീഡാനുഭവ മരണ ഉത്ഥാനരഹസ്യങ്ങൾ ഒന്നുകൂടി ആഗതമായിരിക്കുന്നു. ഏവർക്കും ഈസ്റ്റർ ആശംസകൾ...

## സാന്താമരിയാ ആശ്രമം വടുവൻചാൽ

1. സാന്താ മരിയായുടെ മടിത്തട്ടിലേക്ക് താൽകാലികമായി പിറവിയെടുത്ത ബഹു. റിജോ അച്ചനെ ബഹു. സുപ്പീരിയറച്ചനും മറ്റ് ആശ്രമാംഗങ്ങളും സ്നേഹത്തോടെ സ്വാഗതം ചെയ്തു.

2. സഭയിലെ ബഹു. വൈദീകരുടെ വാർഷിക ധ്യാനം ബഹു. ഫാ. ജോയ് പൈനാടത്ത് അനുഗ്രഹ ധ്യാനകേന്ദ്രത്തിൽ വച്ച് നയിച്ചു. ആശ്രമത്തെ സ്വന്തം ഭവനം പോലെ കരുതിയ എല്ലാ വൈദീകർക്കും ഒത്തിരി നന്ദി.

3. ഏറെ കാലത്തെ സ്വപ്ന സാക്ഷാത്കാരമായി അനുഗ്രഹ ധ്യാനകേന്ദ്രത്തിൽ പുതിയ വചനഹാൾ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ പെരിയ. ബഹു. ജനറാളച്ചൻ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും തുടർന്ന് സമൂഹ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

4. കാലപ്പഴക്കം കൊണ്ട് മോശമായി തീർന്ന ആശ്രമത്തിന്റെ നവീകരണ പണികൾ നല്ല രീതിയിൽ തന്നെ മുന്നോട്ടു പോയികൊണ്ടിരിക്കുന്നു.

# സിൽവർ ജൂബിലി ഉദ്ഘാടനം

ചെറുപുഷ്പസഭയുടെ നാല് പ്രൊവിൻസുകളിലൊന്നായ St.Thomas പ്രൊവിൻസ്, അതിന്റെ സ്ഥാപനത്തിന്റെ സിൽവർ ജൂബിലി വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ് (1994-2019). ജൂബിലി വർഷത്തിന്റെ ഉദ്ഘാടനം മാർച്ച് 19-ാം തിയ്യതി, സെന്റ് തോമസ് ഭവൻ, ചെലവൂരിൽ വച്ച് നടന്നു. വൈകുന്നേരം 6.30 ന് ബഹു. പ്രൊവിൻഷ്യാൾ ജോബി ഇടമുറിയിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന പരി. കുർബ്ബാനയോ ടുകൂടി അന്നേ ദിവസത്തെ കർമ്മങ്ങൾ ആരംഭിച്ചു. മുൻ പ്രൊവിൻഷ്യാൾ ജോസ് മേലേട്ടുകൊച്ചിയിലച്ചനും പ്രൊവിൻഷ്യൽ കൗൺസിലറായ ജോസഫ് ചാത്തനാട്ടച്ചനും സഹകാർമ്മികരായി രുന്നു. കുർബ്ബാന മധ്യേയുള്ള വചനസന്ദേശം ബഹു. തോമസ് മുളങ്ങാ ട്ടിലച്ചൻ നൽകി. സെന്റ് തോമസ് പ്രൊവിൻസിലെ പ്രവർത്തനങ്ങ ളെല്ലാം സി.എസ്.റ്റി സഭയുടെ സിദ്ധിയനുസരിച്ച് കടന്നുചെല്ലുന്ന മേഖലകളിലെല്ലാം ഒത്തിരിയേറെ നന്മ പ്രവൃത്തികൾ ചെയ്തുവന്നും ചെയ്യുന്നുവെന്നും അച്ചൻ തന്റെ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു.

പരി. കൂർബ്ബാനയ്ക്ക് ശേഷം രാത്രി 8 മണിയോടുകൂടി പൊതു സമ്മേളനം ആരംഭിച്ചു. ചടങ്ങിൽ കടന്നുവന്ന എല്ലാ വിശിഷ്ടവ്യക്തി കൾക്കും മറ്റെല്ലാവർക്കും സ്വാഗതം ആശംസിച്ചത് പ്രൊവിൻഷ്യൽ കൗൺസിലറും സാമൂഹിക സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്ന ബിനു പയ്യംപിള്ളി അച്ചനായിരുന്നു. മലയാള മനോരമ കോഴിക്കോട് എഡിഷന്റെ ചീഫ് ന്യൂസ് എഡിറ്ററായ ശ്രീ. ജോഷ്വ പി.ജെ. ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. പെരി. ബഹു. ജനറാള ച്ചൻ സമ്മേളനത്തിന്റെ അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ചു. കോഴിക്കോട് Pain & Paliativeന് നേതൃത്വം കൊടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന ശ്രീ. ജോസ് പുളിമൂട്ടിൽ പ്രധാന സന്ദേശം നൽകി. വേദനിക്കു ന്നവരോട് സഹതാപം കാണിക്കുന്നതല്ല, അവരെ കേൾക്കുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം, അവശരെ അവഗണിക്കാതെ അവരെ ഉയർത്തുന്നതിലായിരിക്കണം ശ്രദ്ധയെന്നും തന്റെ സന്ദേശത്തിൽ വ്യക്തമാക്കി. പ്രൊവിൻഷ്യാൾ ജോബി ഇടമുറിയിലച്ചൻ, ജനറൽ കൗൺസിലറായ ജെയിംസ് പുറത്തയിലച്ചൻ എന്നിവർ ആശംസകൾ അർപ്പിച്ചു. മലബാർ കേന്ദ്രീകരിച്ച് പ്രൊവിൻസ് ആരംഭിച്ചിരിക്കുന്ന മൊബൈൽ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഭാഗമായി പാലിയേറ്റീവ് ഉപകരണങ്ങൾ അർഹരായവർക്ക് ബഹു. ജനറാളച്ചൻ, ഉദ്ഘാടകൻ ശ്രീ. ജോഷ്വ പി.ജെ, പ്രൊവിൻഷ്യാളച്ചൻ എന്നിവർ വിതരണം ചെയ്തു. ചടങ്ങിൽ നമ്മുടെ പ്രൊവിൻസ് അംഗങ്ങളും വിവിധ സന്യാസിനി സന്യാസ സമൂഹാംഗങ്ങളും അയൽക്കാരും പങ്കെടുത്തു. ജൂബിലി ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും ബഹു. ജോസഫ് ചാത്തനാട്ടച്ചൻ നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് നടന്ന സ്നേഹവിരുന്നോടെ കർമ്മങ്ങൾ മംഗളമായി അവസാനിച്ചു.

# 9th Ordinary Provincial Synaxis













# Widen the Horizon of Charity














# Inauguration of the new Hall

## Sancta Maria Ashram
## Vattathuvayal





# ഗുരുപഥത്തിൽ

**ക്രിസ്മസ്**

മനുഷ്യമക്കളുടെ പാപങ്ങൾക്കും രക്ഷയ്ക്കും വേണ്ടി ഭൂമിയിൽ ഭൂജാതനായ പുത്രൻ തമ്പുരാന്റെ ആഗമനാനുസ്മരണം. ഇരുപത്തഞ്ചു ദിവസത്തെ നോമ്പിനും പ്രാർത്ഥനയ്ക്കും അതിലേറെ കാത്തിരിപ്പിനുമൊടുവിൽ വന്നണഞ്ഞ ഒരു ജന്മദിനം. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ആഹ്ലാദത്തിമിർപ്പിന്റെ അലയടികൾ മുഴങ്ങുന്ന ഒരു സുന്ദര രാവ്. അതേ പുൽകൂടും നക്ഷത്രവും പാതിരാ കുർബ്ബാനയുമൊക്കെയായി അവൻ അതിനെ വരവേൽക്കുന്ന സുന്ദരമുഹൂർത്തം.

നവസന്യാസ ഭവനത്തിലെ ക്രിസ്മസ് ആഘോഷം ഏറ്റവും മനോഹരമായി കൊണ്ടാടി. പ്രാർത്ഥിച്ചൊരുങ്ങി നവസന്യാസികൾ തങ്ങളുടെ ഗുരുവിനെ ഹൃദയത്തിൽ സ്വീകരിച്ചു. 11:45 ന് ആരംഭിച്ച തിരുക്കർമ്മങ്ങളിലും വി. ബലിയിലും മാസ്റ്ററച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. ബിനിലച്ചൻ സഹകാർമ്മികനായിരുന്നു.

**മാതാപിതാക്കളോടൊപ്പം**

"നീ നിന്റെ ദേശത്തെയും പിതൃഭവനത്തേയും മാതാപിതാക്കളേയും വിട്ട് ഞാൻ കാണിച്ചുതരുന്ന ദേശത്തേക്ക് പോവുക" എന്ന ദൈവീക സന്ദേശം അബ്രാഹം ദൈവീക കൽപനയായി ഹൃദയത്തിൽ സ്വീകരിച്ചു.

സന്യാസം ഒരു ഇറങ്ങിപ്പുറപ്പെടലും ഒരു എത്തിച്ചേരലുമാണ്. എന്നിരുന്നാൽ തന്നെയും ജന്മം നൽകി വളർത്തിയ മാതാപിതാക്കളെ വിട്ടുപേക്ഷിക്കുക എന്ന വാക്ക് അതിന്റെ വാച്യാർത്ഥത്തിൽ എടുക്കുക അചിന്തനീയമാണ്. സ്വമാതാപിതാക്കളോടും കടപ്പാടും പ്രതിപത്തിയും എന്നും നമ്മുടെ ഹൃദയത്തിൽ നിലയ്ക്കാത്ത ഒരു യാഥാർത്ഥ്യം തന്നെ.

ഏകദേശം ഒൻപതുമാസത്തെ കാത്തിരിപ്പിന് ശേഷം ഞങ്ങളുടെ മാതാപിതാക്കൾ നവസന്യാസ ഭവനത്തിൽ എത്തിച്ചേർന്നു. മാസ്റ്ററച്ചൻ അവരെ സ്വാഗതം ചെയ്ത് സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഞങ്ങൾ നവസന്യാസികൾ ഒരുക്കിയ കലാവിരുന്ന് ആസ്വാദിക്കുകയും പരസ്പരം പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

**പോട്ടയിലേക്ക് ഒരു യാത്ര**

മലമുകളിൽ ഏകാന്തതയിൽ പ്രാർത്ഥിക്കുന്ന യേശുവിന്റെ മുഖം ഏതൊരു സന്യാസിയുടേയും പ്രചോദനവും കരുത്തുമാണ്. അവനോടു കൂടെയായിരിക്കുവാനും മറ്റെല്ലാ വ്യഗ്രതകളിൽ നിന്നും മാറി അവനോടൊത്ത് ആയിരിക്കുവാനും ഞങ്ങളെ സഹായിച്ച ഒരു Charismatic ധ്യാനമായിരുന്നു പോട്ടയിൽ വച്ചുനടന്നത്. ഏകദേശം അഞ്ച് ദിവസങ്ങളിലായി ഞങ്ങൾക്ക് ധ്യാനം നടത്തപ്പെട്ടു. വൈദീകരും അൽമായരും ഞങ്ങളെ ധ്യാനത്തിന്റെ വഴിയേ നയിച്ചു എന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

**ഒത്തിരി നന്ദി**

"പിന്നെ അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അവന്റെ അടുക്കലേക്ക് വിളിച്ചു"എന്ന തിരുവചനം തിരഞ്ഞെടുക്കപ്പെട്ട വന്റെ ജീവിതത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ്. നമ്മുടെ ചില ഇഷ്ടങ്ങളും താൽപര്യങ്ങളും അവനുവേണ്ടി വ്യയം ചെയ്യുമ്പോഴാണ് അവന്റെ ഹിതത്തേക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാനും അത് ജീവിതത്തിൽ സ്വീകരിക്കാനും നമുക്ക് കഴിയൂ.

പന്ത്രണ്ടുവർഷത്തെ പരിശീലനത്തിനും അതിലേറെ കാത്തിരിപ്പിനും ശേഷം തന്റെ ഗുരുവിന്റെ ശരീരവും രക്തവും കയ്യിലേന്തുവാൻ സാധിച്ചതിന്റെ സന്തോഷത്തിലും അഭിമാനത്തിലുമാണ് St. Thomas Province-ലെ 8 നവവൈദീകർ. അവർ തങ്ങളുടെ വിലയേറിയ സമയം മാറ്റിവെച്ചുകൊണ്ട് ഞങ്ങളോട് കൂടെ ആയിരിക്കാനും സന്തോഷം പങ്കുവെക്കുവാനും കാണിച്ച സന്നദ്ധതയ്ക്ക് ഹൃദയം നിറഞ്ഞ നന്ദി.

**കാനോനിക്കൽ വിസിറ്റ്**

CST സഭയുടെ General Fr. Francis Kilivallikal ഔദ്യോഗിക കാനോനിക്കൽ വിസിറ്റ് നടത്തുകയും അച്ചന്മാരേയും നവസന്യാസികളേയും കാണുകയും ചെയ്തു. ജീവിതത്തിലേക്കാവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും അച്ചൻ ഞങ്ങൾക്ക് നൽകി. അതുപോലെ തന്നെ, ഒരു ദിവസം Mission പ്രവർത്തനത്തേക്കുറിച്ച് അച്ചൻ ക്ലാസ്സെടുക്കുകയും കൊച്ചുത്രേസ്യയുടെ മിഷൻ തീക്ഷ്ണത കുറേക്കൂടെ ഞങ്ങളിൽ ആഴപ്പെടുത്തുകയും ചെയ്തു.

**ഒരു ജന്മദിനം കൂടി**

നവസന്യാസഭവനത്തെയും ഞങ്ങൾ നവസന്യാസികളേയും സംബന്ധിച്ച് സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ദിനമായിരുന്നു ബിനിലച്ചന്റെ ജന്മദിനനാൾ. ഏറെ കരുതലും ഒരു ജ്യേഷ്ഠന്റെ

മനോഭാവവും ജീവിതത്തിൽ എന്നും കാത്തുസൂക്ഷിക്കുന്ന അച്ചന്റെ സ്നേഹത്തിനും സേവനത്തിനും ഞങ്ങൾ നന്ദി പറഞ്ഞു. നവസന്യാസഭവനത്തിന്റെ അങ്കണത്തിൽ വച്ച് നടത്തിയ കലാവിരുന്നാസ്വാദിക്കുവാൻ General അച്ചൻ Fr. Francis Kilivallikal അച്ചനും ബോനിഫസ് മനയത്തുമാരിയച്ചനും സന്നിഹിതരായിരുന്നു.

## വേലൂർ വേവ്സ്

**തൊഴിലധിഷ്ഠിത കോഴ്സുകളുമായി ലിസ്യു**

കേന്ദ്രഗവൺമെന്റിന്റെ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചു. അനേകം യുവതീയുവാക്കൾക്ക് ഇതുവഴി തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചു എന്നത് തികച്ചും ചാരിതാർത്ഥ്യജനകമാണ്. ഇതിനോടകം മൂന്ന് ബാച്ചുകൾ പൂർത്തിയായി. നാലാമത്തെ ബാച്ച് ആരംഭിച്ചു. ഈ കോഴ്സ് ആരംഭിക്കുവാനായി സാമ്പത്തിക സഹായങ്ങൾ നൽകിയ പ്രൊവിൻസ് അധികാരികൾക്ക് ഹൃദ്യമായ നന്ദി.

**ഹാലോ!!! എല്ലാവർക്കും സുഖമല്ലേ...**

അനൗദ്യോഗികമായി പ്രൊവിൻഷ്യാളച്ചൻ തന്റെ കന്നിസന്ദർശനം ലിസ്യുഭവനിൽ നടത്തി. ആശ്രമാംഗങ്ങളുടെ സുഖവിവരങ്ങളും, സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും വിശദമായി ചോദിച്ചറിയുകയും മുമ്പോട്ടുള്ള പ്രവർത്തനങ്ങളെപ്പറ്റി പുതിയ ദിശാബോധം പങ്കുവയ്ക്കുകയും ചെയ്ത പ്രൊവിൻഷ്യാളച്ചനും ടീമംഗങ്ങൾക്കും ഹൃദ്യമായ നന്ദി.

**ലിസ്യു ഹൈവേ**

നീണ്ടനാളത്തെ കാത്തിരിപ്പിനു വിരാമമിട്ട് ടാറിങ് പണിപൂർത്തീകരിച്ച് ലിസ്യുറോഡ് അതിസുന്ദരമായി. സമീപവാസികളുടെ സ്വപ്നമായിരുന്ന ഈ പദ്ധതി പൂർത്തീകരിച്ച ലിസ്യു ആശ്രമാംഗങ്ങളെയും, പഞ്ചായത്ത് അധികൃതരെയും അയൽക്കൂട്ടം പ്രത്യേകം അനുമോദിച്ചു. റോഡ് പഞ്ചായത്തിനും വിട്ടുനൽകിയ പ്രൊവിൻസ് ഭരണസമിതിക്ക് പ്രത്യേകം നന്ദി.

**കോളേജ് ഡേ**

2017-18 അദ്ധ്യയന വർഷത്തെ കോളേജ് ഡേ സാഘോഷം കൊണ്ടാടി. സെന്റ് സേവിയേഴ്സ് കോളേജ് മുൻ പ്രിൻസിപ്പാൾ ഫാ. സണ്ണി എസ്.ജെ മുഖ്യാതിഥിയായിരുന്നു. കോളേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ വർണശബളമായ കലാവിരുന്ന് കോളേജ് ഡേയുടെ മാറ്റുകൂട്ടി.

# താബോറിന്റെ ഉൾത്തുടിപ്പുകൾ

**കർത്താവിന്റെ ബലിപീഠത്തിലേക്ക് നവശിഷ്യഗണം**

"ഇതെന്റെ ഓർമ്മയ്ക്കായ് ചെയ്യുവിൻ"

ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച് ഈശോയെ കരങ്ങളിലെടുക്കാൻ ബലിപീഠത്തിലേക്ക് ക്ഷണിക്കപ്പെട്ട നമ്മുടെ സഭയിലെ നവവൈദികർ ഒന്നുചേർന്ന് താബോറിന്റെ കൊച്ചു അൾത്താരയിൽ നിറഞ്ഞുനിന്ന് ബലിയർപ്പിച്ചു. ഈശോയ്ക്കുവേണ്ടി ദാസ്യവേല ചെയ്യാൻ തിരഞ്ഞെടുക്കപ്പെട്ട അവർക്ക് എല്ലാവിധ മംഗളങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**കട്ടറും സ്മാഷും**

വോളിബോൾ കളിയെ കൂടുതൽ അടുത്തറിയാനായി ഫാ. ജോഷി വാളിപ്ലാക്കൽ നയിച്ച വോളിബോൾ കോച്ചിംഗ് വളരെ സഹായകമായി. അച്ചന്റെ തിരക്കേറിയ സേവന മേഖലകളിൽ നിന്നും ഞങ്ങൾക്കായി സമയം കണ്ടെത്തിയതിന് അച്ചന് ഒരുപാട് നന്ദി.

**മത്സരങ്ങളുടെ പൊടിപൂരം**

ഞങ്ങളുടെ വ്യത്യസ്ത തരത്തിലുള്ള കഴിവുകളെ പ്രദർശിപ്പിക്കുവാനും വിലയിരുത്തുവാനുമായുള്ള അവസരങ്ങളുമായി ഞങ്ങളെ രണ്ട് ഗ്രൂപ്പുകളായി തിരിച്ചുകൊണ്ട് Arts and Sports Annual Competitions നടത്തി.

**ആശ്രമ സന്ദർശനങ്ങൾ**

കരിമാനി ആശ്രമവും തേയില ഫാക്ടറിയും വട്ടത്തുവയൽ സാന്താമരിയ ആശ്രമവും ധ്യാനകേന്ദ്രവും ഞങ്ങൾ സന്ദർശിച്ചു. ഞങ്ങളെ വാത്സല്യത്തോടെ സ്വീകരിച്ച് സൽക്കരിച്ച എല്ലാ അച്ചന്മാരെയും നന്ദിയോടെ ഓർക്കുന്നു.

**പഠനത്തോടൊപ്പം പാഠ്യേതരവും**

മലയാള പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി ബഹു. ദീപു അച്ചന്റെ നേതൃത്വത്തിൽ സംവാദം നടത്തപ്പെട്ടു. "മാധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം" എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സംവാദത്തിന്റെ മോഡറേറ്റർ സ്ഥാനം അലങ്കരിച്ചത് ബഹു. ഫാ. എബിൻ ഓരത്തേലായിരുന്നു. എബിനച്ചന് ഒരുപാട് നന്ദി.

**പുതിയ സാരഥികൾക്കു സ്വാഗതം**

പുതിയ Provincial ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു. ജോബി എടമുറിയിലച്ചനും Vicar Provincial ജോൺസൻ വരകപറമ്പിലച്ചനും

ഞങ്ങളെ സന്ദർശിച്ചു. പുതിയ ടീമിന് എല്ലാവിധ ഭാവുകങ്ങളും പ്രാർത്ഥനകളും നേരുന്നു.

**അറിവില്ലായ്മയ്ക്കൊരറുതി**

മനുഷ്യശരീരം, ജീവിതശൈലികൾ, ആരോഗ്യം മുതലായവയെക്കുറിച്ചുള്ള ഞങ്ങളുടെ സംശയങ്ങൾക്ക് ഒരു അറുതി കൽപിച്ചുകൊണ്ട് ഡോ. സെബാസ്റ്റ്യന്റെ ക്ലാസ് നടത്തി. ഞങ്ങൾക്കു നൽകിയ നല്ല ഉപദേശങ്ങൾക്ക് ഡോക്ടർക്കു നന്ദി.

**അഭിനന്ദനങ്ങൾ**

ഞങ്ങളുടെ കഴിവുകൾ പ്രദർശിപ്പിച്ച Annual Competition വേദിക ളിലെ വിജയികളെ കൽപ്പറ്റ ഡി പോൾ ഇടവക വികാരി ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ അഭിനന്ദിക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുക യും ചെയ്തു. ഞങ്ങളുടെ കഴിവുകൾ അടങ്ങിയിരിക്കുന്ന കൈയ്യെഴുത്തു പ്രതിയായ 'വർണ്ണശിലകൾ' അന്നേദിവസം അച്ചൻ പ്രകാശനം ചെയ്യുക യും ചെയ്തു.

**ഈ അദ്ധ്യയന വർഷത്തിന്റെ ഫലത്തിലേക്ക്**

കഴിഞ്ഞ ഒരു വർഷം കൊണ്ട് ഞങ്ങൾ നിരീക്ഷിച്ചതും പഠിച്ചതുമായ കാര്യങ്ങളുടെ ആകെ തുകയായ വാർഷിക പരീക്ഷയെ നേരിടുവാനുള്ള പണിപ്പുരകളിലാണ് ഞങ്ങളിപ്പോൾ.

**വിങ്ങിപ്പൊട്ടുന്ന ഹൃദയങ്ങൾ നിറഞ്ഞൊഴുകുന്ന കണ്ണുകൾ**

കഴിഞ്ഞ ഒരു വർഷത്തെ സമൂഹജീവിതത്തോടെ തന്റെ മൂന്നു വർഷത്തെ സ്തുത്യർഹ സേവനം പൂർത്തിയാക്കി ഈ സെമിനാരിയോട് വിടപറഞ്ഞ് അടുത്ത സേവനമേഖലകളിലേക്ക് പോകുന്ന ഞങ്ങളുടെ പ്രിയപ്പെട്ട റെക്ടറായ ഫാ. തോമസ് ആനത്താരയ്ക്കലിനും കഴിഞ്ഞ ഒരു വർഷം കൊണ്ട് തന്റെ ആദ്യത്തെ Appointment-ൽ മികവു തെളിയിക്കുകയും ഞങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നിറവേറ്റി തരുകയും ചെയ്ത വൈസ് റെക്ടറും പ്രൊക്യുറേറ്ററുമായ ദീപു കാശാംകുറ്റിയിലച്ചനും കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പലപ്പോഴായി ഞങ്ങളുടെ ഇടയിലേക്ക് കടന്നുവരികയും പിന്നീട് സ്ഥിരമായി ഞങ്ങൾക്ക് കൂട്ടാവുകയും ചെയ്ത റീജന്റ് ബ്ര. ബിപിൻ ചെറുകുന്നേലിനും ആദ്യവർഷ വൈദീക പരിശീലനം പൂർത്തിയാക്കി ഈ സെമിനാരിയോട് വിട പറയുന്ന ഞങ്ങൾക്കും യാത്രയയപ്പും നന്ദി പ്രകാശനവും നടത്തി. ഒപ്പം തന്നെ ഞങ്ങളുടെ ആത്മീയ ജീവിതത്തിൽ തുണയായി യേശുവിലേക്കടുക്കുവാൻ ഞങ്ങളെ സഹായിച്ച ഞങ്ങളുടെ ആത്മീയ പിതാവ് ജോർജ്ജ് മുള്ളുക്കോടിക്കലച്ചനും ഞങ്ങൾ നന്ദി പറഞ്ഞു.

**ഇനി അവധിക്കാലം**

ആദ്യവർഷ വൈദീക പരിശീലനം പൂർത്തിയാക്കുന്ന ഞങ്ങൾ വലിയാഴ്ചയ്ക്കു മുൻപുതന്നെ വലിയവധിയ്ക്കായി വീടുകളിലേക്ക് യാത്രയാകും.

ഞങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾക്കെല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

**[illegible] [illegible]**

**നവവൈദികരുടെ പ്രഥമദിവ്യബലി**

നമ്മുടെ പ്രൊവിൻസിലെ നവവൈദികർ ജനുവരി ആശ്രമത്തിൽ വരികയും അവരുടെ ഇവിടുത്തെ പ്രഥമ ദിവ്യബലി ആശ്രമ ദേവാലയത്തിൽ അർപ്പിക്കുകയും ചെയ്തു. പള്ളി നിറയെ ആളുകൾ എത്തിയിരുന്നു. പുത്തൻ കുർബാനയിൽ പങ്കെടുത്ത അച്ചന്മാർക്ക് എല്ലാവരും ആശംസകളും ദൈവാനുഗ്രഹങ്ങളും നേർന്നു.

**സോണൽ പിക്നിക്**

ഈ വർഷത്തെ സോണൽ പിക്നിക്കിനായി അച്ചന്മാർ ഗോവയാണ് തെരഞ്ഞെടുത്തത്. നവജ്യോതിയിൽ നിന്ന് ജോബിയച്ചനും ബിജോയച്ചനും രണ്ടുദിവസം ദീർഘിച്ച പിക്നിക്കിൽ സംബന്ധിച്ചു.

**അംഗങ്ങൾ ആറായി**

ഫാ. ഫ്രാങ്കോയും ഫാ. റ്റിനോയും എത്തിയതോടുകൂടി ആശ്രമത്തിലെ അംഗസംഖ്യ ആറായി ഉയർന്നു ചുരുങ്ങിയ സമയം കൊണ്ട് ഇവർ ആശ്രമത്തിലേയും സമീപ സ്ഥാപനങ്ങളിലേയും ഇടവകകളിലേയും കോളേജിലേയും സ്റ്റാറുകളായി മാറിക്കൊണ്ടിരിക്കുന്നു.

**സോണൽ മാസധ്യാനം**

മാർച്ച് മാസത്തിലെ സോണൽ പ്രാർത്ഥനാദിനം ആറാം തിയ്യതി നവജ്യോതിയിൽ നടന്നു. വിവിധ ആശ്രമങ്ങളിൽ നിന്ന് ഇരുപത് സഹോദര വൈദികർ പങ്കെടുത്തു. സെബാസ്റ്റ്യൻ പുളിക്കലച്ചൻ ഹൃദയസ്പർശിയായ നോമ്പുകാല ചിന്തകൾ പങ്കുവച്ചു. സമ്മേളന മധ്യേ ഈ സോണിൽ നിന്ന് പ്രൊവിൻഷ്യൽ കൗൺസിലേഴ്സായി ഇലക്ട് ചെയ്യപ്പെട്ട ചാത്തനാട്ടച്ചനേയും പയ്യംപിള്ളിയച്ചനേയും മാർച്ച് 19 നു ഫീസ്റ്റ് ആഘോഷിക്കുന്ന എല്ലാ ജോസഫ് നാമധാരികളെയും ആദരിച്ചു.

**അവാർഡുകൾക്കർഹൻ**

ജോബി കൊച്ചുപുരയിലച്ചൻ പി.ജിക്കു പഠിച്ച സെന്റ് ജോസഫ്സ്

കോളേജ് തൃച്ചിയിൽ നിന്ന് കോൺവേക്കേഷൻ സമയത്തു ഔട്സ്റ്റാൻഡിങ് സ്റ്റുഡന്റ് കോളേജ് മാനേജ്മെന്റ് അവാർഡ്, തിരു എ ഗോപാലൻ അവാർഡ് എന്നിവ കരസ്ഥമാക്കി. അച്ചന് അഭിനന്ദനങ്ങൾ

**വിനോദയാത്ര**

കോളേജിലെ എല്ലാ ഡിപ്പാർട്ട്മെന്റുകളിലെയും മൂന്നാം വർഷ വിദ്യാർത്ഥികൾ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് ഉല്ലാസ പ്രദവും വിജ്ഞാനപ്രദവുമായ യാത്രകൾ നടത്തി. അതാതു ഡിപ്പാർട്ട് മെന്റിലെ ടീച്ചേഴ്സ് ഈ ഹാപ്പി ഡേയ്സിനു നേതൃത്വം നൽകി.

**ഫീസ്റ്റ് ഓഫ് ഫെസ്റ്റ്സ്**

ത്രിസംഗ് 2k18 എന്ന പേരിൽ ബി.ബി.എ ഡിപ്പാർട്ട്മെന്റ് ഫെസ്റ്റ് സംഘടിപ്പിച്ചു. ഇന്ററാകോളേജിയറ്റ് ഡാൻസ് കോംപറ്റീഷൻ ഫെസ്റ്റിനെ കൂടുതൽ കളർഫുൾ ആക്കി. ബിറ്റ്സ് ഫ്ളയർ 2k18 എന്ന ബി.സി.എ. ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച ഫെസ്റ്റ് 40 കോളേജുകളിൽ നിന്നുമുള്ള 175 ഓളം മത്സരാർത്ഥികളുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായി.

**നവജ്യോതി ബ്ലോക്ക്ബസ്റ്റേഴ്സ്**

കോളേജ് സ്പോർട്സ് ഡേ ഫെബ്രുവരി 25 ന് സംഘടിപ്പിച്ചു. ഫീനിക്സ്, ബെക്കാർഡി, ടെക്കീസ്, നെപ്പോളിയൻസ്, സ്പാർക്സ് എന്നീ 5 ടീമുകളായി തിരിഞ്ഞ് വാശിയേറിയ കായിക മത്സരങ്ങൾ നടന്നു. ബി.കോം സി.എയുടെ നേതൃത്വത്തിലുള്ള നെപ്പോളിയൻസ് ഒന്നാംസ്ഥാനവും ബി.എ.ക്കാരുടെ ഫീനിക്സ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**'മിഴിവ്' ഉള്ളൊരു ആർട്സ് ഡേ**

'മിഴിവ് 2k18' എന്ന പേരിൽ ആർട്സ് ഡേ നടത്തപ്പെട്ടു. അഗ്നി, ജലം, വായു, എന്നീ 3 സ്റ്റേജുകളിലായി നടത്തപ്പെട്ട ആവേശകരമായ മത്സരങ്ങളിൽ എല്ലാ ടീമുകളും ഒന്നിനൊന്നു മികച്ചു നിന്നു.

**'ആളൊരുക്കം'**

യൂണിവേഴ്സിറ്റി പരീക്ഷയ്ക്കുള്ള ഒരുക്കമായി ഇന്റേണൽ, മോഡൽ എക്സാമുകൾ രണ്ടും നാലും ആറും സെമസ്റ്ററുകാർക്ക് നടന്നുകൊണ്ടിരിക്കുന്നു.

**യുവഭാരത് നവഭാരത്**

കോളേജിൽ സംഘടിപ്പിച്ച യൂത്ത് 'പാർലമെന്റ് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സത്യപാലൻ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ലില്ലിക്കുട്ടി ചാക്കോയും, ഫാ. ജോബി കൊച്ചുപുരയിലും യുവജന സന്ദേശം നൽകി. എക്സൈസ് ഡപ്യൂട്ടി കമ്മീഷണർ ശ്രീ. വി.വി. സുരേന്ദ്രൻ യുവജാഗ്രത, മദ്യവും മയക്കു

മരുന്നും വരുത്തുന്ന വിപത്തുകൾ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു.

**'ആനന്ദം' നിറഞ്ഞൊരു കോളേജ് ഡേ**

ആനന്ദം മൂവീ ഫെയിം വിശാഖ് നായർ (കൂപ്പി) തിരിതെളിയിച്ച് ഈ വർഷത്തെ കോളേജ് ഡേ ഉദ്ഘാടനം ചെയ്തു. മാനേജർ ഫാ. ജോസഫ് പുളിന്താനം, ഡയറക്ടർ ഫാ. സിബി ഈഴ്യലേൽ, വൈസ് പ്രിൻസിപ്പാൾ ഫാ. ജോബി കൊച്ചുപുരയിൽ എന്നിവരും പ്രിൻസിപ്പൽ പ്രൊഫ. ലില്ലിക്കുട്ടി ചാക്കോയും സന്ദേശങ്ങൾ നൽകി. കുട്ടികളും അധ്യാപകരും നടത്തിയ കലാവിരുന്ന് കോളേജ് ഡേ വർണ്ണശബളമാക്കി.

**വിട പറയുമ്പോൾ...**

3 വർഷത്തെ കലാലയ ജീവിതത്തിനു ശേഷം പുതിയ ആകാശവും പുതിയ ഭൂമിയും തേടി കോളേജിന്റെ പടിയിറങ്ങുന്ന സീനിയേഴ്സിന് ജൂനിയേഴ്സ് ആഘോഷ പൂർവ്വകമായ യാത്രയയപ്പ് നൽകി.

**'വിമൽജ്യോതി'യിൽ വിജയത്തിന്റെ 'നവജ്യോതി'സ്സ്**

08-03-2018-ൽ വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ചു നടന്ന മാനേജ്മെന്റ് ഫെസ്റ്റിൽ ബിസിനസ്സ് പ്ലാൻ എന്ന മത്സരത്തിൽ നമ്മുടെ കോളേജിലെ രണ്ടാംവർഷ ബികോം സി.എയിലെ കുട്ടികൾ ഒന്നാംസമ്മാനം കരസ്ഥമാക്കി, ക്യാഷ് അവാർഡിനും പ്രശസ്തി പത്രത്തിനും അർഹരായി.

**നവജ്യോതിക്ക് ഒരു സ്റ്റാർ കൂടി**

ബാംഗ്ലൂരിൽ വച്ച് നടക്കുന്ന നാഷണൽ ഇന്റഗ്രേഷൻ ക്യാംപിലേയ്ക്ക് ബി.ബി.എ ഡിപ്പാർട്ട്മെന്റിലെ നാലാം സെമസ്റ്റർ വിദ്യാർത്ഥി ഇമ്മാനുവൽ പി. ജെയ്ക്ക് സെലക്ഷൻ ലഭിച്ചിരിക്കുന്നു.

# പുഷ്പഗിരി വാർത്തകൾ

12 വർഷത്തെ തന്റെ വൈദീക പരിശീലനം പൂർത്തിയാക്കി തന്റെ പൗരോഹിത്യത്തിന്റെ ആദ്യ നാളുകൾ ചിലവഴിക്കാൻ ജോണച്ചൻ പാലാക്കുഴി ആശ്രമത്തിൽ എത്തിച്ചേർന്നു. ജനുവരി മാസം 24-ാം തിയ്യതി അച്ചൻ ആശ്രമത്തിന്റെ പ്രൊക്കറേറ്ററായി ചുമതലയെടുത്തു.

**നന്ദി വാക്കുകളിൽ ഒതുങ്ങുന്നതല്ല**

തന്റെ ഒരു വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം ബഹു. വിമലച്ചൻ ഫെബ്രുവരി 7-ാം തിയ്യതി ആശ്രമത്തിൽ നിന്നും യാത്രയായി. മംഗലാപുരത്തെ ജഡ്ക്കൽ ഇടവകയിൽ Asst. Vicar ആയിട്ടാണ് അച്ചൻ നിയമിതനായിരിക്കുന്നത്. കഴിഞ്ഞ വർഷം അച്ചൻ

പാലാക്കുഴി ആശ്രമത്തിൽ നടത്തിയ സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. അതോടൊപ്പം അച്ചന്റെ ഇടവക ശുശ്രൂഷകൾക്ക് എല്ലാവിധ പ്രാർത്ഥനാ മംഗളങ്ങളും നേരുന്നു.

**നൂറുമേനി**

കഴിഞ്ഞവർഷം നമ്മൾ നട്ട ഏത്തവാഴയിൽ നിന്നും നല്ല രീതിയിലുള്ള വിളവ് ലഭിച്ചുവെങ്കിലും, പ്രതീക്ഷിച്ച രീതിയിലുള്ള Market ഉണ്ടായിരുന്നില്ല. എങ്കിലും നല്ല വിളവു നൽകി അനുഗ്രഹിച്ച ദൈവത്തിന് ഒരായിരം നന്ദി.

**പുതുപ്രൊവിൻഷ്യൾ**

ബഹു. പ്രൊവിൻഷ്യാളച്ചനും, ബിനു പയ്യംപ്പിള്ളി അച്ചനും ഔദ്യോഗികമായി ആശ്രമത്തിൽ സന്ദർശനം നടത്തുകയും ആശ്രമാംഗങ്ങളെ വ്യക്തിപരമായി കാണുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

പ്രെവിൻഷ്യാളച്ചന്റെ സ്നേഹസാന്നിധ്യത്തിനും നിർദ്ദേശങ്ങൾക്കും ഒത്തിരി നന്ദി.

# കരിമാനി വാർത്തകൾ

★ 2017 ഡിസംബർ 20-ാം തിയ്യതി മുതൽ അടുത്തുള്ള ഇടവക ദേവാലയങ്ങളിൽ കുമ്പസാരത്തിനും മറ്റ് ക്രിസ്മസ് ഒരുക്കങ്ങളിലും നമ്മുടെ അച്ചൻമാർ സഹായിച്ചു.

★ ഡിസംബർ 26-ാം തിയ്യതി മുതൽ നമ്മുടെ പ്രൊവിൻസിലെ ഡീക്കൻമാരുടെ തിരുപ്പട്ട സ്വീകരണ ശുശ്രൂഷയിൽ ആശ്രമാംഗങ്ങളുടെ സാന്നിധ്യം ഉണ്ടായിരുന്നു.

★ 29, 30, 31 തിയ്യതികളിൽ ഇടവകപള്ളിയിൽ ഉണ്ണീശോയുടെ തിരുനാൾ കൊണ്ടാടി. ആഘോഷമായ കുർബ്ബാനകൾ, വചന സന്ദേശം, പ്രദക്ഷിണം, ആകാശവിസ്മയം, സ്നേഹവിരുന്ന് തുടങ്ങിയവ തിരുനാൾ ആഘോഷത്തിന്റെ അർത്ഥവും ആഴവും കൂട്ടി.

★ ബഹു. ജോർജ്ജ് മുള്ളുക്കോടിക്കലച്ചന്റെ പൗരോഹിത്യ രജത ജൂബിലിയിലും ജോസഫ് കട്ടക്കലച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയിലും ആശ്രമാംഗങ്ങൾ പങ്കെടുത്തു.

★ രോഗാവസ്ഥയിൽ കഴിഞ്ഞിരുന്ന ബെന്നി ചെറുചിലമ്പിൽ അച്ചനെയും സൈമണച്ചനെയും സന്ദർശിച്ചു. സൈമൺ അച്ചന്റെ മൃതസംസ്കാരത്തിലും പങ്കെടുത്തു.

★ കേരളത്തിലും വിദേശത്തും ജോലിചെയ്യുന്ന നമ്മുടെ അച്ചൻമാർ

ആശ്രമം സന്ദർശിച്ചു. വിദേശികളായ Mr. Joseph Spuller, Miss. Florentino Itinsche എന്നിവർ നമ്മുടെ അച്ചൻമാരോടൊപ്പം ആശ്രമത്തിൽ വന്നു.

★ ആശ്രമത്തിലെ Procurator ഉം ഇടവക വികാരിയുമായ ജിൽസച്ചൻ പ്രൊവിൻസിന്റെ Auditor ആയി തിരഞ്ഞെടുക്കപ്പെട്ടത് എല്ലാവർക്കും സന്തോഷം പകർന്നു.

★ പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രൊവിൻഷ്യൾ റവ. ഫാ. ജോബി ഇടമുറിയിൽ, അസിസ്റ്റന്റ് പ്രൊവിൻഷ്യൾ റവ. ഫാ. ജോൺസൺ വരകപ്പറമ്പിൽ എന്നിവർ ആശ്രമം സന്ദർശിച്ചു.

★ ഫെബ്രുവരി 5 ന് ബഹു. ജിൽസച്ചന്റെയും, മാർച്ച് 5 ന് ജോഷിയച്ചന്റെയും ജന്മദിനം ആഘോഷിച്ചു.

★ കൽപ്പറ്റ സെമിനാരിയിൽ നിന്ന് അച്ചൻമാരും സെമിനാരി വിദ്യാർത്ഥികളും ആശ്രമവും, ഫാക്ടറിയും സന്ദർശിച്ചു.

★ നവവൈദീകനായ ഫാ. എബിൻ ഓരത്തേൽ ആശ്രമത്തിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു.

# കരൂർ സെയ്തികൾ

**മേരെ പ്യാർ ദേശ് വാസിയോ...**

പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച സ്വച്ഛ് വിദ്യാലയ് പുരസ്കാരത്തിന് District Level -ൽ നമ്മുടെ സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടു. കരൂർ ജില്ലയിൽ ഈ നേട്ടത്തിന് അർഹമായ ഏക Private School നമ്മുടേതാണ് എന്നത് ഈ നേട്ടത്തിന്റെ സന്തോഷം ഇരട്ടിപ്പിക്കുന്നു.

**കപ്പടിക്കണം കലിപ്പടക്കണം...**

S.S.L.C പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കാൻ വാശിയോടെ പഠിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ First Batch ന്റെ സ്വപ്നങ്ങൾ നിറവേറുവാൻ പ്രാർത്ഥനയോടെ കാത്തിരിക്കുന്നു.

**അവരോടൊപ്പം...**

ഇത്തവണ Charity Club ന്റെ ആഭിമുഖ്യത്തിൽ Mercy Old Age Home സന്ദർശിച്ചു. കുട്ടികളുടെ ആശ്വാസവചനങ്ങളും കലാപരിപാടികളും അവർ തന്നെ പാചകം ചെയ്ത ഉച്ചയൂണും അന്തേവാസികൾക്ക് സന്തോഷം പകർന്നു നൽകി...

**മാണിക്യ മലരായി പൊങ്കൽ...**

ഈ വർഷത്തെ പൊങ്കൽ ആഘോഷം വളരെ വ്യത്യസ്തയോടെ

കൊണ്ടാടി. വിവിധ തരത്തിലുള്ള മത്സരങ്ങളും Quiz Program ഉം teachersന്റെ group game ഉം വിദ്യാർത്ഥികൾക്ക് മറക്കാനാവാത്ത അനുഭവം ആയി.

**തുറിച്ച് നോക്കരുത്... (ഞങ്ങൾക്ക് കളിക്കണം)**

നമ്മുടെ സ്കൂൾ വിദ്യാർത്ഥികൾക്കായി പണികഴിപ്പിച്ച Multi-purpose Hall മുൻ പ്രൊവിൻഷ്യാൾ ജോസ് മേലേട്ടുകൊച്ചിയിലച്ചൻ ഉദ്ഘാടനം ചെയ്തു. പുതിയ ഹാളിൽ കുട്ടികളുടെ Co-curricular activities ഉം Games ഉം മറ്റ് Programs ഉം നടന്നുകൊണ്ടിരിക്കുന്നു.

# കൈതപ്പൊയിൽ വാർത്തകൾ

**കലയിലെ സാന്നിധ്യമറിയിച്ച് ലിസ...**

ഈ വർഷത്തെ കോഴിക്കോട് യൂണിവേഴ്സിറ്റി B. Zone കലോത്സവത്തിൽ ലിസയിൽ നിന്ന് കുച്ചിപ്പിടി, മോഹിനിയാട്ടം, കഥാപ്രസംഗം, പെൻസിൽ ഡ്രോയിംഗ്, നാടോടിനൃത്തം എന്നീ ഇനങ്ങളിൽ വിദ്യർത്ഥികൾ സമ്മനങ്ങൾ കരസ്ഥമാക്കി.

**ഏലൈസാ, വലിച്ചെടുക്കെടാ...**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ലുധിയാനയിൽ വെച്ച് നടന്ന ഇന്റർ യൂണിവേഴ്സിറ്റി വടംവലി മത്സരത്തിൽ ലിസയിൽ നിന്ന് അഗസ്റ്റിൻ തോമസ് പങ്കെടുത്തു.

**പ്രകൃതിയോട് ഇഴുകിച്ചേർന്ന്**

പ്രശസ്ത സംവിധായകൻ ജയരാജ് ക്യാമ്പസിൽ വരികയും കൃത്രിമ വനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിയായ 'Birds Club' ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

**കപ്പവാട്ട് മഹോത്സവം**

കൽപ്പറ്റയിലെ ചുണക്കുട്ടൻമാരുടെ നേതൃത്വത്തിൽ കപ്പവാട്ട് ഭംഗിയായി നടന്നു.

**ദേ വന്നു... ദാ പോയി**

നവവൈദികൻ എബിൻ ഓരത്തേൽ ഒരു മാസത്തോളം ആശ്രമത്തിൽ താമസിച്ച് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ ക്ലാസുകളെടുത്തു. എബിന് ഒരായിരം നന്ദി

**അപ്രിതീക്ഷീതമായുണ്ടായ നൊമ്പരം...**

രണ്ടാവർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയായ സൗരഭ് ബൈക്കപകടത്തിൽ വിടപറഞ്ഞത് ലിസയ്ക്ക് ഒരു തീരാനൊമ്പരമായി...

# കോട്ടൂർ വാർത്തകൾ

**ആശ്രമം**

നമ്മുടെ പ്രൊവിൻസിൽ നിന്നും ഇക്കൊല്ലം തിരുപ്പട്ടം സ്വീകരിച്ച നവവൈദീകർ ആശ്രമം സന്ദർശിക്കുകയും ഇടവക പള്ളിയിൽ വി. ബലി അർപ്പിക്കുകയും ചെയ്തു.

ബഹു. കുര്യനച്ചന്റെയും സിബിച്ചനച്ചന്റെയും ചരമവാർഷികം ആചരിച്ചു. ഇടവക ജനത്തിന്റെയും സഭാംഗങ്ങളുടെയും സാന്നിധ്യവും ശ്രദ്ധേയമായിരുന്നു.

ആശ്രമത്തിനു കീഴിലുള്ള മുഴുവൻ സ്ഥലത്തിന്റെയും Legal Documentation പൂർണ്ണമായും നടത്തി.

**ഇടവക**

റോഡിനോട് ചേർന്നുള്ള കുരിശടിയിൽ പുതുതായി ഒരു പിയാത്ത ശിൽപ്പം സ്ഥാപിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി വെഞ്ചിരിച്ചു.

**സ്കൂൾ**

ഡിസംബർ 22 ന് കുട്ടികളുടെ വാർഷികം നടത്തി. ശ്രീകണ്ഠാ പുരം കലാഗ്രാമത്തിലെ ശ്രീ. എബി എൻ ജോസഫ് മുഖ്യാതിഥി ആയിരുന്നു. നമ്മുടെ ഒരു സ്കൂൾ ബസ് ജനുവരി 5 ന് ചെമ്പന്തൊട്ടിയിൽ വച്ച് അപകടത്തിൽപ്പെട്ടു. കുട്ടികൾക്ക് നിസ്സാരപരിക്കുകൾ ഉണ്ടായിരുന്നു. സ്കൂളിൽ വാർഷിക പരീക്ഷ നടന്നുകൊണ്ടിരിക്കുന്നു. ഫാ. സിജോയി കരിങ്ങിലിച്ചിറ Special English Coaching ഉം ഫാ. ആന്റോ കാരക്കാട്ട് മുഖ്യകാർമ്മികനായി കുട്ടികൾക്ക് വേണ്ടി ഇടവകദേവാലയത്തിൽ വി. ബലിയും നടന്നു.

**ITI**

കൊച്ചിയിൽ വച്ച് നടന്ന TATA Motors ന്റെ National Fest ൽ നമ്മുടെ കുട്ടികൾ പങ്കെടുക്കുകയും മൂന്നാംസ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

കുട്ടികൾക്കുവേണ്ടി ഏറെ നാളുകൾക്കുശേഷം കലാകായികമത്സ രങ്ങൾ നടത്തി.

**ബാലഭവൻ**

ബാലഭവനിൽ ഈ വർഷം രണ്ടുപേരാണ് S.S.L.C എഴുതുന്നത്. J.J Act അനുസരിച്ച് നമ്മുടെ ബാലഭവനും Register ചെയ്യാൻ കോടതി വിധി വന്നതിനാലുള്ള ജോലികൾ പുരോഗമിക്കുന്നു.

**Social Centre**

ആവശ്യമായ ചില നവീകരണ പ്രവർത്തികൾ നടത്തി നമ്മുടെ Centre-ൽ അൽപ്പം മോടിയാക്കി.

എല്ലാവർക്കും ഉയിർപ്പുതിരുനാൾ മംഗളങ്ങൾ.

# പുഷ്പാരാം വാർത്തകൾ

**ഇന്ത്യ സ്കിൽസ് കേരള 2018**

തൊഴിൽ രംഗത്ത് പുത്തനുണർവ്വ് പകരാനും ട്രെയിനികളുടെ കഴിവ് തെളിയിക്കാനും ഇന്ത്യ സ്കിൽസ് കേരള 2018 പേരാവൂർ ഗവൺമെന്റ് ഐ.ടി.ഐയും പുഷ്പാരാം ഐ.ടി.ഐയും കൂടി സംയുക്തമായി ഇരിട്ടി ടൗണിൽ റോഡ് ഷോ നടത്തി.

**പുഷ്പാരാം ഐ.ടി.ഐയ്ക്ക് ഒരു പൊൻപതക്കം**

**ഗ്രേഡിങ് ആന്റ് റേറ്റിംങ് റിപ്പോർട്ട്**

2017 ഡിസംബറിൽ ഡി.ഇ.റ്റി നമ്മുടെ ഐ.ടി.ഐയിൽ ഗ്രേഡിങ് ഇൻസ്പെക്ഷൻ നടത്തുകയും ആയതിന്റെ ഫയലുകളും ഇൻസ്പെക്ഷൻ റിപ്പോർട്ടുകളും ഡൽഹിയിൽ എത്തിക്കുകയും, നല്ല നിലവാരമുള്ള ഐ.ടി.ഐയായി നമ്മുടെ പുഷ്പാരാമിനെ തിരഞ്ഞെടുക്കുകയും തുടർന്ന് മെച്ചപ്പെട്ട ഗ്രേഡിങ് ആന്റ് റേറ്റിംങ് റിപ്പോർട്ട് ലഭിക്കുകയും ചെയ്തു.

**എൻ.സി.വി.റ്റി ഇൻസ്പെക്ഷൻ റിപ്പോർട്ട്**

അടിസ്ഥാന, ഭൗതിക, സാങ്കേതിക നിലവാരം അളക്കുന്നതിന്റെ ഭാഗമായി ഓൾ ഇന്ത്യ ഇൻസ്പെക്ഷൻ ടീം നമ്മുടെ ഐ.ടി.ഐയിൽ എത്തുകയും അക്കാഡമിക് കാര്യങ്ങൾ (Tools & Equipments, Infrastructure, Land & Building, Seating capacity etc.) തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുകയും അതിന്റെ വിവരണങ്ങൾ അടങ്ങിയ 4 ഫയലുകൾ കണ്ണൂർ ഐ.ടി.ഐയിൽ സമർപ്പിക്കുകയും തുടർ പരിശോധനയുടെ ഫലമായി പുഷ്പാരാമിന്റെ മികവിന്റെ അടിസ്ഥാനത്തിൽ എൻ.സി.വി.റ്റി ഇൻസ്പെക്ഷൻ റിപ്പോർട്ട് 95 ശതമാനം മാർക്ക് നമുക്ക് ലഭിച്ചു.

പുഷ്പാരാം ഐ.ടി.ഐയുടെ 20 വർഷത്തെ ജൈത്രയാത്രയിൽ ഒരു പൊൻതൂവൽക്കൂടി.

**സെമസ്റ്റർ**

ഐ.ടി.ഐയിൽ സീനിയേഴ്സിന് നാലാം സെമസ്റ്ററിന്റെയും

രണ്ടാം സെമസ്റ്ററിന്റെയും ക്ലാസ്സുകൾ ആരംഭിച്ചു.

**സൗഹൃദ സന്ദർശനം**

പെരിയ ബഹുമാനപ്പെട്ട പ്രൊവിൻഷ്യാൾ ജോബി ഇടമുറിയിലച്ചനും അസിസ്റ്റന്റ് പ്രൊവിൻഷ്യാൾ ജോൺസൺ വരകപ്പറമ്പിലച്ചനും ആശ്രമം സന്ദർശിക്കുകയും തുടർന്ന് ഐ.ടി.ഐയിലെ സ്റ്റാഫംഗങ്ങളുമായി പരിചയപ്പെടുകയും ചെയ്തു.

# ജർമ്മൻ ന്യൂസ്

## ജർമ്മനിയിൽ നിന്ന് സ്നേഹാന്വേഷണങ്ങൾ

**നാഥാ നീ മാറ്റണമേ**

നവംബർ 5 മുതൽ 11 വരെ ഈ വർഷത്തെ വാർഷിക ധ്യാനം Augusburg രൂപതയുടെ Pastrol Centre-ൽ വച്ച് നടത്തി.

**ജനറാൾ അച്ചന്റെ സന്ദർശനം**

നവംബർ 26, 27 തിയ്യതികളിൽ പെരിയ. ബഹു. ജനറാളച്ചൻ Augusburg, Eichstatt and Regensburg രൂപതകളിലെ അച്ചൻമാരെ സന്ദർശിക്കുകയും മാസധ്യാനം നടത്തുകയും ചെയ്തു. തദവസരത്തിൽ ലിറ്റിൽ ഫ്ളവർ പ്രൊവിൻസിലെ അച്ചൻമാരും സന്നിഹിതരായിരുന്നു.

**Fvone Weinachten**

ഈ വർഷത്തെ ക്രിസ്മസ് മഞ്ഞില്ലാതെയും തണുപ്പില്ലാതെയും ആഘോഷിച്ചു. അച്ചൻമാർ എല്ലാവരും തന്നെ അവരവരുടെ പള്ളികളിൽ തിരുകർമ്മങ്ങൾ പരികർമ്മം ചെയ്തു.

**Ein Qutes Neues Jahv**

പുതുവർഷത്തെ എതിരേറ്റത് മഞ്ഞോടുകൂടിയായിരുന്നു. ഏവർക്കും നല്ല ഒരു വർഷം ആശംസിക്കുന്നു.

**മാസധ്യാനം**

ജനുവരി മാസത്തെ മാസധ്യാനം പതിവുപോലെ 2-ാംമത്തെ തിങ്കളാഴ്ച നമ്മുടെ ആശ്രമത്തിൽ വച്ച് നടത്തി.

**ത്രിമൂർത്തികൾ വീണ്ടും**

പ്രൊവിൻഷ്യൽ ചാപ്റ്ററിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ബഹു. അലക്സ് അച്ചനും, ജോൺസൺ പുതുവ അച്ചനും, ലിന്റോ കല്ലുക്കുളങ്ങര അച്ചനും ആശംസകളും അഭിവാദ്യങ്ങളും അർപ്പിച്ച് ഞങ്ങൾ യാത്രയാക്കി.

**Alles gute and gottes segan**

St. Thomas Province -ന്റെ പുതിയ പ്രൊവിൻഷ്യൾ ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു. ജോബി അച്ചനും, വികർ പ്രൊവിൻഷ്യാൾ ജോൺസൻ വരകപ്പറമ്പിൽ അച്ചനും കൗൺസിൽ അംഗങ്ങൾക്കും പ്രാർത്ഥനകളും അഭിനന്ദനങ്ങളും.

**ഉയിർപ്പിന്റെ ഒരുക്കത്തിൽ**

പീഡാനുഭവ വിചിന്തനങ്ങളിലൂടെ ഉയിർപ്പിന്റെ മഹത്വത്തിലേക്ക് നാം ഒരുങ്ങുകയാണല്ലോ. ഏവർക്കും ഉയിർപ്പുതിരുനാൾ മംഗളങ്ങൾ...

**70–ന്റെ നിറവിൽ**

Feb 19-ാം തിയ്യതി 70-ാം ജന്മദിനം ആഘോഷിച്ച ഞങ്ങളുടെ സുപ്പീരിയർ ബഹു. അലക്സ് കല്ലറയ്ക്കൽ അച്ചന് ആശംസകളും പ്രാർത്ഥനകളും നേരുന്നു. കൃതഞ്ജതാബലി അർപ്പിക്കാൻ March 4 ന് അച്ചന്റെ ഇടവകയിൽ ഞങ്ങൾ ഒരുമിച്ചു. Syro-Malabar കുർബാനയും തുടർന്ന് അനുമോദന മീറ്റിങ്ങും നടന്നു.

## എനിക്കും നിനക്കും വേണ്ടി...

ഒരു പ്രഭാതസൂര്യന്റെ ശോഭയിൽ അമേരിക്കൻ പ്രസിഡന്റിന്റെ വസതിക്കു മുന്നിലൂടെ ഒരു അമ്മ അവരുടെ ഓരത്ത് ഒരു കുഞ്ഞുമായി നടന്നുനീങ്ങുന്നു. അവിടെ എത്തിയപ്പോൾ ആ അമ്മയുടെ കണ്ണുകൾ നിറഞ്ഞു. അവർ മെല്ലെ നിറഞ്ഞ കണ്ണുകൾ വൈറ്റ് ഹൗസിലേക്ക് പായിച്ചു. അവിടെ ശവമഞ്ചത്തിൽ ഒരു മൃതശരീരം, കുഞ്ഞ് അമ്മയോട് ചോദിച്ചു, ആരാണ് അമ്മേ ആ മനുഷ്യൻ ? അമ്മ പറഞ്ഞു മകനെ നിനക്കും എനിക്കും നമ്മുടെ കറുത്തവർഗത്തിനു മുഴുവനുംവേണ്ടി ഒരു ജീവിതം മുഴുവൻ വ്യയം ചെയ്ത നമ്മുടെ പ്രിയപ്പെട്ട പ്രസിഡന്റ് എബ്രഹാം ലിങ്കന്റെ ശരീരമാണ് അത്.

ഒരു പക്ഷെ എന്നെ വായിക്കുന്ന സുഹൃക്കുക്കളോട് തിരുസഭാ മാതാവ് നമ്മെ നോക്കി പറയുകയാണ് ഈ നസ്രറായൻ കുരിശിൽ മരിച്ചത് എനിക്കും നിനക്കും വേണ്ടിയാണ്. മാനവരാശിയുടെ വലിയ മോചനത്തിനായ് സ്വയം ജീവിതം നൈവേദ്യമാക്കിയവന്റെ പേരാണ് ക്രിസ്തു, മണ്ണിൽ നിന്ന് പാപത്തിന്റെ കറകഴുകി കളയുവാൻ തയ്യാറായ ദിവസത്തിന്റെ പേരാണ് ദുഃഖവെള്ളി. സ്നേഹിക്കാൻ വേണ്ടി മാത്രം പഠിപ്പിച്ച ക്രിസ്തു, ഞാൻ ലോകത്തിന്റെ പ്രകാശമാണ് എന്ന് ലോകത്തോട് വിളിച്ചുപറഞ്ഞ ക്രിസ്തു, ഒടുവിൽ നമുക്കുവേണ്ടി

കുരിശിൽ മരിച്ചു. ഓരോ ദുഃഖവെള്ളിയും ജീവിതത്തിന് ഒരു ഓർമ്മപ്പെടുത്തലായി മാറണം. കാരണം, ഓശാന പാടിയവരോ ആർപ്പുവിളിച്ചവരോ, സഹായം സ്വീകരിച്ചവരോ ഉണ്ടാകില്ല ജീവിതത്തിൽ വേദനിക്കുമ്പോൾ, അവിടെ ഞാൻ ഏകനാണ്. ഞാൻ ഏകനായി തന്നെ എന്റെ കുരിശ് താങ്ങി നടക്കണം എന്ന ഓർമപ്പെടുത്തൽ. പിന്നെ ദുഃഖവെള്ളി വലിയ ഒരു സമ്മാനം തന്നു. ജീവിതത്തിൽ വേദനിച്ചവന് മാത്രമേ സങ്കടപ്പെടുന്നവന്റെ വേദന തിരിച്ചറിയാൻ കഴിയൂ. ശരിക്കും ക്രൂശിതന് മുന്നിൽ ഒന്ന് കരഞ്ഞാൽ തീരുന്നതാണ് നമ്മുടെ പ്രശ്നങ്ങളെല്ലാം തന്നെ. കാരണം അവനോട് തുലനം ചെയ്യുമ്പോൾ എന്റെ സങ്കടങ്ങൾ നിസ്സാരമാണ്. അതുകൊണ്ടുതന്നെ ഓരോ ദുഃഖവെള്ളിയും എനിക്കും നിനക്കും വേണ്ടിയുള്ള ക്രിസ്തുവിന്റെ സ്നേഹസമ്മാനമാണ്. അത് എനിക്കും നിനക്കും വേണ്ടി മാത്രം ഉള്ളതാണ്...

**ജെറിൻ കുഴിപറമ്പിൽ സി.എസ്.ടി**

# ഉത്ഥാനം നൽകുന്ന കരുത്തും പ്രത്യാശയും

ക്രൈസ്തവ വിശ്വാസത്തിന്റെ ആണിക്കല്ലാണ് യേശുവിന്റെ ഉത്ഥാനം. കേവല മാനുഷിക യുക്തിക്ക് ഉൾക്കൊള്ളാൻ കഴിയാത്തതും എന്നാൽ വിശ്വാസത്തിന്റെ ഉരകല്ലിൽ മാറ്റു തെളിയിക്കുന്നതുമായ സംഭവം യേശുവിനൊടൊപ്പം മൂന്നു വർഷം ജീവിച്ച അവിടുത്തെ വചനങ്ങളെല്ലാം കേൾക്കുകയും അത്ഭുതങ്ങൾ കാണുകയും ചെയ്ത ശിഷ്യൻമാർ പോലും പ്രതീക്ഷിക്കാതിരുന്നതും വിശ്വസിക്കാൻ മടിച്ചതുമായ ഒന്ന്. കഠിനമായ പീഢകൾ അനുഭവിച്ച് യേശു കുരിശിൽ ജീവൻ വെടിഞ്ഞതോടെ എല്ലാവരും കരുതി അത് യേശുവിനെ സംബന്ധിച്ച എല്ലാറ്റിന്റെയും അവസാനമാണെന്ന്. ശിഷ്യർ, ആ നൈരാശ്യത്തിലും ശൂന്യതയിലും യേശു എന്ന പേര് പരസ്യമായി ഉച്ചരിക്കാൻ കഴിയാത്തത്ര ഭയത്തിലുമായിരുന്നു. സാബത്തിനുശേഷം അവർ കല്ലറ സന്ദർശിച്ചപ്പോൾ അവരെ കൂടുതൽ നിരാശപ്പെടുത്തികൊണ്ട് കല്ലറ ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഒഴിഞ്ഞ കല്ലറ 'ഉയിർപ്പ്' എന്നൊരാശയം അവരിൽ ജനിപ്പിച്ചത് ദൈവദൂതന്റെ വാക്കുകളിലൂടെയാണ്. "അവൻ ഇവിടെയില്ല. താൻ അരുൾ ചെയ്തതുപ്പോലെ അവൻ ഉയർപ്പിക്കപ്പെട്ടു." (മത്താ. 28:6)

യുക്തിക്ക് ഉൾക്കൊള്ളാൻ ദുഷ്കരമായ ഒരു കാര്യമാണിത് എന്നാൽ ഏതു ക്രൈസ്തവ വിഭാഗത്തിൽപ്പെടുന്നവരും ക്രിസ്തുവിന്റെ

ഉയിർപ്പിൽ വിശ്വസിക്കുന്നു. പൗലോസ് ശ്ലീഹാ പറയുന്നു. "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' ഉയിർപ്പില്ലെങ്കിൽ ജീവിതം നിർത്ഥകമാണ്. ഇഹലോകജീവിതത്തെ അർത്ഥപൂർണ്ണമാകുന്നതാണ് ഉയിർപ്പ് നൽകുന്ന പ്രത്യാശ. ദൈവം നൽകിയ ജീവിതത്തെ ഉത്തരവാദിത്വത്തോടെ കാണുകയെന്നത് ആ പ്രത്യാശയുടെ ഭാഗമാണ്. യേശു ഉയിർത്തെഴുന്നേറ്റിരുന്നില്ലെങ്കിൽ അവിടുന്ന് പ്രവർത്തിച്ചതെല്ലാം, ഗാഗുൽത്തകൊണ്ട് അവസാനിക്കുമായിരുന്നു. ഒരുപക്ഷേ, അതൊരു ചരിത്രപുസ്തകത്തിൽ ഒന്നോ രണ്ടോ വരികളിൽ ഒതുങ്ങുമായിരുന്നു. പക്ഷേ അതല്ല സംഭവിച്ചത്. യേശു ജീവിക്കുന്നു ശക്തിയോടെ. യേശുവിന്റെ ഉയിർപ്പു നൽകുന്ന തകർക്കാനാവാത്ത പ്രത്യാശയാണ് യേശുവിന്റെ ശിഷ്യരെയും ആദിമ ക്രൈസ്തവരെയും കഠിനപീഡകളിൽ ശക്തി നൽകി നയിച്ചത്.

ക്രിസ്തു നൽകിയ പ്രത്യാശ സ്നേഹവും സമർപ്പണവും ഉൾക്കൊള്ളുന്നതാണ്. സ്വന്തം നാടും വീടും വിട്ട് ജീവനെ തൃണവൽ ഗണിച്ചാണ് ക്രിസ്തുശിഷ്യർ സ്നേഹത്തിന്റെയും പ്രത്യാശയുടെയും സന്ദേശം ലോകത്തിനു പകർന്നത്. ആ വിളിയിലേക്കാണ് നാമും വിളിക്കപ്പെട്ടിരിക്കുന്നത്. ലോകത്തിൽ ജനിച്ചവരും ജനിക്കുന്നവരുമായ എല്ലാവരും ഉത്ഥാനത്തിന്റെ പ്രത്യാശയിലേക്ക് കടന്നുവരണമെന്ന് യേശു ആഗ്രഹിക്കുന്നു. കാൽവരിയിൽ അവസാനിക്കുന്ന കഥയല്ല യേശുവിന്റേത്. അവിടുന്ന് കഠോര വേദനയനുഭവിക്കുകയും മഹത്വത്തോടെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. ജീവിതത്തിന്റെ കഠിന വേദനകളെ, കഠിന പരീക്ഷണങ്ങളെ തരണം ചെയ്യാൻ യേശുവിന്റെ ഉത്ഥാനം നമുക്ക് കരുത്തു നൽകട്ടെ.

**സിബിൻ പണ്ടിയപള്ളിൽ സി.എസ്.ടി**



# *Prayerful Greetings to you...*

## APRIL

***Birthday***

***Fathers***

Chakkiyath Justine 06
Puthussery Johnson 11
Purathail James 12
Payyampally John 16
EnchathanathJaison 19
ChalackalAnto 22
Alackal Augustine 23
Ottalankal Thomas 23
NarimattathilAnoop 26
Meenpuzhackal Joseph 27
ThuruthiyilVipin 27
Chamakkalayil Joseph 29
ChirackalVinil 29
ThalachiraNiju 29
KarikkattilRijo 30

***Brothers***

VellappattuJithin 13
PadinjareanisserilArun 19
VellamattathilJomet 21

***Feast Day***

*Fathers*

ChalilFranko 23
Kalladanthiyil George 23
KanachikuzhiShinu 23
Kappiliparambil George 23
KassamkuttiyilDeepu 23
Korattiyil George 23
Mullukodickal George 23
MundanisserilRijomon 23
Nelluvelil George 23
ThalachiraNiju 23
ThekkethottyRanjith 23
ThottathilAppachan 23
ThuruthiyilVipin 23
Vayalil Shimmy 23
Unnikunnelcleetus 26

***Brothers***

Ikkarottuparambil Nikhil 23
KandathikudiyilJoison 23
ParayadiyilTojus 23

## MAY

***Birthday***

***Fathers***

Thandappilly Thomas 04
Mundumoozhikara Paul 05
Variyamattam Mathew 08
MattathinanickalShanoj 08
Muttathettu Johnson 09
Mukalekkalayil Sony 12
Pullolickal Bobby 12
Vetoonickal Johnson 13
Charamthottiyil Santhosh 16
ThottathilAppachan 16
KanachikuzhiShinu 19
EruvelikunnelEbin 22
Olickal Paul 23
Puthuva Johnson 24
KurichikunnelJojan 26
MundanisserilRijomon 26
KarakkattuAnto 29

***Brothers***

VillidumparaAnanthu 05
Pazheparambil Tom 06
RathappillilJoice 15
Ikkarottuparambil Nikhil 17
MathalikunnelJins 28
MadasseryAbin 29

***Feast day***

***Fathers***

Kallamplackal Philip 03
ParadiyilDileep 03

## JUNE

***Birthday***

***Fathers***

KaringalichiraSijoy 05
Valimalayil Joseph 09
PalathanathSojan 12
Kachappilly James 13
PallathBineesh 19
Melettukochiyil Jose 22
Akkoottu Benny 23
ThottathilSijo 26

***Brothers***

KarakkattuNidhin 02
Palathinkal Mathew 05
Chakkumkulathu Bibin 06

***Feast day***


***Fathers***

Manayathumary Boniface 05
AkkattuGimmy 13
ChalackalAnto 13
KollakompilBiju 13
PappanacherilJolichan 13
Kondookalayil Aloysius 21
KaringalichiraSijoy 29
Mundumoozhikara Paul 29
Olickal Paul 29
PerukilakkattuSojesh 29

അലക്സച്ചനും ജോസഫച്ചനും
മാത്യു അച്ചനും

# ഹൃദയം നിറഞ്ഞ ആശംസകൾ






# PROVINCIAL TEAM MEMBERS



Rev. Fr. Joby John Edamuriyil CST
Provincial Superior



Rev. Fr. Johnson Varakaparambil CST
Vicar Provincial



Rev. Fr. Binu Paimpillil CST
Social Apostolate



Rev. Fr. Joseph Chathanatt CST
Education Apostolate



Rev. Fr. George Nelluvelil CST
Provincial Econome



Fr. Jills Njavarakkatt CST
Provincial Auditor